കൃട്ടീവ് ആഫീസറും പഞ്ചായത്തും തമ്മിൽ ബന്ധം ഉണ്ടാകുകയില്ല. നിർമ്മാണപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുകയില്ല. ഈ തെറ്റു തിരുത്തുന്നതിനുപകരം ബാക്കിയുള്ള ഉത്തരവാദിത്വങ്ങൾപോലും കയ്യിൽനിന്നു കവർന്നു പഞ്ചായത്തു കൗൺസിലുകൾക്കു കൊടുക്കുന്ന ഏർപ്പാടു ശരിയായിരിക്കുകയില്ല. അതു ന്യായീകരിക്കാൻ സാധിക്കുന്ന ഒന്നല്ലെന്നുള്ള കാര്യം പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണു. കൗൺസിലിനും ജില്ലാപരിഷത്തിനുമൊക്കെ എന്തെങ്കിലുമൊരു ജോലി, എക്സിക്യൂട്ടീവ് ആഫീസർക്കോ ഡെവലപ്പുമെന്റു ആഫീസർക്കോ കൊടുക്കണമെന്നുവന്നാൽ അതിനു പഞ്ചായത്തിന്റെ സമ്മതംവേണ്ട, കൗൺസിലിന്റെ സമ്മതംവേണ്ട. എക്സിക്യൂട്ടീവ് ആഫീസർക്കു കൊടുക്കാം, ഡവലപ്പുമെന്റു ആഫീസർക്കു കൊടുക്കാം.

Voting on Supplimentary Demands

[Mr. Speaker in the Chair]

Mr. Speaker: Order, order. The hon. Member can continue his speech to-morrow. Before we take up the next item of the Agenda, I have to make an announcement.

12 Noon

The discussion and voting on the Supplementary demands for grants in the Budget for the year 1963-64 will be taken up to-morrow. Copies of the Supplementary Financial Statement laid before the House yesterday have already been circulated to members. The whole day is allotted for this business. The demands will be considered in the following order:

Demand	IV	Taxes on Vehicles—	Time allotted, 40 minutes.
,,	IX	Heads of States, Ministers and Headquarters Staff	— 40 minutes.
,,	XXVII	Industries and	40 minutes
,,	XLV	Capital Outlay on Industrial Development	
,,	XXXII	Irrigation and	40 minutes
	XLVI	Capital Outlay on Irrigation	
,,	XXXVI	Famine—35 minutes.	
,,	LV	Loans and Advances by the Government—	35 minutes.

The remaining demands will be taken up in their serial order.

DISCUSSION UNDER RULE 128

Mr. Speaker: We may now proceed to the next item in the Agenda, namely 'Motion under Rule 128'.

I call upon Shri K. Krishna Pillai to move the motion.

Shri K. Krishna Pillai: Sir, I move that the Annual Report of the State Education Advisory Board (May 1961 to May 1962) be discussed.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കുഞ്ഞപിള്ള]

സർ, സ്റ്റേറ്റ് എഡ്യൂക്കേഷൻ അഡ്വൈസറി ബോർഡിന്റെ 61–62–ലെ ആനുവൽ റിപ്പോർട്ട് ചർച്ച ചെയ്യണമെന്ന ഒരു മോഷൻ ഞാൻ അവതരിപ്പിക്കുകയാണു്. കേരള എഡ്യൂക്കേഷൻ ആക്ടിന്റെ 4-ാം വകുപ്പനുസരിച്ചാണു് അഡ്വൈസറി ബോർഡ് സംഘടിപ്പിച്ചിട്ടുള്ളതു്. 4–ാം വകുപ്പിൽ തന്നെ ഇതിന്റെ 6-ാം ഉപവകുപ്പിൽ "The Board shall present annually to the Government a Report as to the advice tendered to the Government on matters coming before them and the Government shall, on receipt of such a Report cause a copy thereof, together with a memorandum explaining as respects the matter, if any, where the advice of the Board was not accepted, the reasons for such non acceptance, be laid before the Legislative Assembly." എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഈ ബോർഡ് സംഘടിപ്പിച്ചതു് 13-3-1961-ലാണു്. അടുത്ത മാർച്ച് 13-ാം തീയതിയാകുമ്പോൾ ഈ ആക്ടിലെ വ്യവസ്ഥ അനുസരിച്ചു് ബോർഡിന്റെ കാലാവധി തീരുകയാണു്. ആനുവൽ റിപ്പോർട്ട് ഗവണ്മെന്റിനു് സമർപ്പിച്ചിട്ടുണ്ടു്. ഗവണ്മെന്റിനു് റിപ്പോർട്ട് കിട്ടിയാൽ അതിലേതെങ്കിലും ശുപാർശകൾ സ്വീകരിക്കുന്നില്ലെങ്കിൽ കാരണം കാണിച്ചുകൊണ്ടു് റിപ്പോർട്ടുസഹിതം സഭയിൽ സമർപ്പിക്കണമെന്നു് ആക്ടിനകത്തു വളരെ വ്യക്തമായ വ്യവസ്ഥകളുണ്ടു്. അതനുസരിച്ചു് പ്രവർത്തിക്കുന്നതിനു് ഗവണ്മെന്റ് തയ്യാറായിട്ടില്ല എന്ന ആക്ഷേപം ഞാൻ ഉന്നയിക്കുകയാണു്. ഒന്നാമത്തെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞു, രണ്ടാമത്തെ റിപ്പോർട്ടായി, മൂന്നാമത്തെ റിപ്പോർട്ട് വരാനുള്ള സമയം കഴിഞ്ഞിരിക്കുകയാണു്. ഒന്നാമത്തെ റിപ്പോർട്ടതന്നെ കഴിഞ്ഞ നവംബർ മാസത്തിലാണു് സഭയിൽ സമർപ്പിച്ചതെന്നാണു് എനിക്കു തോന്നുന്നതു്. ആ റിപ്പോർട്ടിനെ സംബന്ധിച്ചു് ഗവണ്മെന്റിന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള ആർഡർതന്നെ പുറപ്പെടുവിച്ചിരിക്കുന്നതു് 24-10-63-ലാണു്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഈ റിപ്പോർട്ട് സഭയിൽ സമർപ്പിക്കണമെന്നു ചില മെമ്പറന്മാർ ആവശ്യപ്പെട്ടതിനുശേഷമാണു് ആർഡർ പാസ്സാക്കിയിട്ടുള്ളതും, റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുള്ളതും. അപ്പോൾ നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്തിരിക്കുന്ന വ്യവസ്ഥകളനുസരിച്ചു് ഗവണ്മെന്റ് ഇക്കാര്യത്തിൽ പ്രവർത്തിച്ചിട്ടില്ല എന്നുള്ള ശക്തിയായ ആക്ഷേപം ഇതിനെസംബന്ധിച്ചിടത്തോളമുണ്ടു്. ഈ റിപ്പോർട്ടിനെ സംബന്ധിച്ചാണെങ്കിൽ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ശുപാർശകളിൽ പ്രധാനമായി മൂന്നുനാലെണ്ണം മാത്രമേ ഗവണ്മെന്റ് സ്വീകരിക്കാതിരുന്നിട്ടുള്ളൂ എന്നാണു് 24-10-1963 ലെ ഗവണ്മെന്റ് ആർഡറിൽ, ഗവണ്മെന്റ് മെമ്മോറാണ്ടത്തിൽനിന്നു് മനസ്സിലാകുന്നതു്. അതിന്റെ അർത്ഥം മറ്റുള്ള എല്ലാ ശുപാർശകളും ഗവണ്മെന്റ് സ്വീകരിക്കുമെന്നാണു്. പക്ഷേ അതെല്ലാം സ്വീകരിച്ചിട്ടുണ്ടോ എന്ന കാര്യം സംശയമാണു്. പലതും സ്വീകരിച്ചിട്ടില്ലെന്നാണു് മനസ്സിലാകുന്നതു്. ഈ ബോർഡിന്റെ ഘടനയെ സംബന്ധിച്ചു് എന്തെങ്കിലും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ആ ബോർഡിനകത്തു് വിദ്യാഭ്യാസരംഗത്തു് ദീർഘകാലം പ്രവർത്തിച്ച പരിചയമുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർ ഉണ്ടെന്നുള്ളതു് ശരിയാണു്. അങ്ങനെ അല്ലാത്തവരുമുണ്ടാകാം. എന്തായാലും നിലവിലുള്ള അഡ്വൈസറിബോഡിനു വിദ്യാഭ്യാസ നയങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങളിലും, വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള കാര്യങ്ങളിലും ശുപാർശകൾ സമർപ്പിക്കുന്നതിനു് അധികാരം ആക്ടനുസരിച്ചു് കൊടുത്തിട്ടുണ്ടു്. അങ്ങനെയുള്ള ശുപാർശകൾ അവർ സമർപ്പിച്ചിട്ടുണ്ടു്. പല ശുപാർശകളും യഥാർത്ഥത്തിൽ ആധുനികമായ വിദ്യാഭ്യാസതത്വങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണു്. ഈ അഡ്വൈസറി ബോർഡ് കൈകാര്യം ചെയ്തിട്ടുള്ള ഒരു കാര്യം സിലബസാണു്. ലക്ഷ്യങ്ങളെ സംബന്ധിച്ചു് നയപരമായി അഭിപ്രായങ്ങൾ പറയുന്നതിനും നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും ഈ ബോർഡിനു അധികാരമുണ്ടെന്നു് ഞാൻ സമ്മതിക്കുന്നു. പക്ഷേ സിലബസ്സിന്റെ വിശദാംശങ്ങളിലേക്കു കടന്നു് സിലബസ് തയ്യാറാക്കുക എന്നുള്ള ജോലി അഡ്വൈസറി ബോർഡിനു് ഏറെറടുക്കാവുന്നതാണെന്നു തോന്നുന്നില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിനകത്തുള്ള മെമ്പറന്മാരെ സംബന്ധിച്ച് വ്യക്തിപരമായി ഞാൻ എന്തെങ്കിലും പറയുകയല്ല. എന്തായാലും അഡൈ്വസറി ബോർഡ് എന്നുള്ള നിലയിൽ ആ ചുമതല ഏറെറടുക്കേണ്ടതില്ല ; അതു് വിദ്യാഭ്യാസവിദഗ്ദ്ധന്മാർ ചെയ്യേണ്ട കാര്യമാണു്. ആ കാര്യത്തിൽ ലക്ഷ്യം എന്തായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചു് എടുത്തു പറയുന്നതല്ലാതെ ആ സിലബസ്സിന്റെ വിശദാംശങ്ങളിലേക്കു് കടന്നു് അതു തയ്യാറാക്കുന്നതിനും, അതു പരിശോധിക്കുന്നതിനും അതിൽ മാറ്റം വരുത്തുന്നതിനും ഈ ബോർഡിനു് അധികാരമില്ലെന്നാണു് എന്റെ അഭിപ്രായം. മറ്റു് പ്രധാന ശുപാർശകളെ സംബന്ധിച്ചിടത്തോളം ഒന്നുരണ്ടു സംഗതികൾമാത്രം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. ഒന്നാമതായി സ്റ്റാൻഡേർഡ് ഉയർത്തുന്നതിനെ സംബന്ധിച്ചു് ബോർഡ് പരിഗണിച്ചിട്ടുണ്ടു്, പല നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ടു്. ഇതിലേറെറവും പ്രധാനമായിട്ടുള്ളതു് അദ്ധ്യാപകരുടെ ട്രെയിനിങ്ങിനെ സംബന്ധിച്ചുള്ളതാണു്. അദ്ധ്യാപകരുടെ ട്രെയിനിംഗിനെ സംബന്ധിച്ചിടത്തോളം ബോർഡ് ഒരു നിർദ്ദേശം വച്ചിട്ടുണ്ടു്. ട്രെയിനിംഗിനു തിരഞ്ഞെടുക്കപ്പെടുന്നതു് ഒന്നാംക്ലാസ്സിൽ—കുറഞ്ഞതു് രണ്ടാം ക്ലാസ്സിലെങ്കിലും ജയിക്കുന്നവരെ ആയിരിക്കണം. സ്റ്റാൻഡേർഡ് കൂടുതലുള്ള ആളുകൾക്കായിരിക്കണം കൊടുക്കേണ്ടതു് എന്നുള്ളതു് എല്ലാവരും സ്വീകരിക്കുന്ന ഒന്നാണു്. പക്ഷേ നമ്മുടെ രാജ്യത്തു് ഇതു് സാദ്ധ്യമാണോയെന്നു് ആലോചിക്കേണ്ടതാണു്. സാധാരണ ഇന്നത്തെ സ്ഥിതിയിൽ കുറെയേറെ ആളുകളെ ഡിപ്പാർട്ടുമെൻറിൽനിന്നു് ട്രെയിനിംഗിനു് എടുക്കുകയാണു്. ഇങ്ങനെ തിരഞ്ഞെടുക്കുന്ന ആളുകൾ എങ്ങനെയുള്ളവരാണെന്നു് എല്ലാവർക്കു മറിയാം. ഈ അടുത്ത കാലത്തു് ട്രെയിനിംഗ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചു് ഞാൻ ഒരന്വേഷണം നടത്തുകയുണ്ടായി. ഒരിടത്തു് 40 ആളുകൾ പഠിക്കുന്നതിൽ മൂന്നു പേർ മാത്രമാണു് ആദ്യത്തെ ചാൻസിൽ എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ളതു്. ബാക്കിയുള്ളവർ പലതവണയായി പാസ്സായിട്ടുള്ളവരാണു്. അവരിൽ 37 ആളുകളും ഇങ്ങനെയുള്ളവരാണു്. ഈ 37 ആളുകളെയാണു് ട്രെയിനിംഗ് കൊടുത്തു് അദ്ധ്യാപകരാക്കി മാറ്റുവാൻ പോകുന്നതു്. ഇവിടെ ആരംഭിക്കുകയാണു് വിദ്യാഭ്യാസനിലവാരത്തിന്റെ അധഃപതനം. ഇതിനു് എന്തെങ്കിലും ഒരു ഭേദഗതി ഉണ്ടാക്കേണ്ടതാവശ്യമാണു്. ഈ ട്രെയിനിംഗിനെ സംബന്ധിച്ചു്, ട്രെയിനിംഗ് കോളേജുകളിലും, ട്രെയിനിംഗ് സ്കൂളുകളിലും കൂടുതൽ നിയന്ത്രണം വേണമെന്നു പറഞ്ഞതുകൊണ്ടു മാത്രമായില്ല, സ്റ്റാൻഡേർഡ് ഉയർത്തുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടതാണു്. ഇന്നു് സാധാരണ കാണുന്ന ഒരു സ്ഥിതിയുണ്ടു്. പല സ്കൂളുകളിലും മാനേജരന്മാർ ഇങ്ങനെയാണു് ചെയ്യാറുള്ളതു്. ഒരു സ്കൂളിൽ ഈ അടുത്ത കാലത്തു് ടന്നതായി എനിക്കറിയാൻ കഴിഞ്ഞതു് 20 അദ്ധ്യാപകന്മാരുള്ള സ്കൂളിൽനിന്നു് 24 പേരെ ടി. ടി. സി.ക്കു് അയച്ചിട്ടുണ്ടെന്നാണു്. ഇങ്ങനെ അയയ്ക്കുന്നതുകൊണ്ടു് പല കുഴപ്പങ്ങളും ഉണ്ടാകുന്നുണ്ടു്. മാനേജരന്മാർക്കു് കോഴ കൊടുത്തു് എട്ടു മാസത്തെ സർവ്വീസു് സമ്പാദിച്ചു് ട്രെയിനിംഗിനു പോകുന്ന ആളുകളെക്കൊണ്ടു് ഈ രാജ്യത്തെ വിദ്യാഭ്യാസം നന്നാകുമെന്നു വിചാരിക്കാൻ സാദ്ധ്യമല്ല. ആ കാര്യത്തെ സംബന്ധിച്ചു് അഭിപ്രായം പറഞ്ഞിട്ടില്ല.

മറെറാന്നു് സ്കൂളുകളിലും കോളേജുകളിലും ഓവർ ക്രൗഡിംഗ് പാടില്ലെന്നുള്ളതു് ഏറെറവും പ്രധാനമായ ഒരു പ്രശ്നമാണു്. ഇതാണു് വിദ്യാഭ്യാസനിലവാരം താഴ്ന്നതിനു് ഏറെറവും പ്രധാനപ്പെട്ട കാരണം. ഇപ്പോൾ ഇതിൽ ഗവണ്മെൻറു് സ്വീകരിച്ചിരിക്കുന്ന നയം എല്ലാവർക്കുമറിയാം. 45 മിനിമം സ്ട്രെങ്തായിരുന്ന സ്ഥാനത്തു് ഇപ്പോൾ 50 വരെയാകാമെന്നാണു് ഗവണ്മെൻറിന്റെ ഉത്തരവു്. ഈ കാര്യം അഡൈ്വസറി ബോഡ്ഡ് നിശ്ചയിക്കുന്നതുകൊണ്ടു മാത്രം കാര്യമില്ല. ഇതിനു് താൽക്കാലികമായ ഒരു പരിഹാരമെന്നുള്ള നിലയിൽ ബോർഡ് നിർദ്ദേശിക്കുന്ന ചില കാര്യങ്ങളുണ്ടു്. ഒന്നു് പുതിയ സ്കൂളുകളെ സംബന്ധിച്ചാണു്, പിന്നെ സ്കൂളുകൾ അനുവദിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണപിള്ള]

ബോർഡിന്റെ ശുപാർശകളായി — ഇതു് കുറെയൊക്കെ പരസ്പരവിരുദ്ധമാണെന്നാണു് എനിക്കു തോന്നുന്നതു് — ബോർഡിന്റെ മിനിറ്റ്സിനകത്തു പറയുന്നതു് ;

"(i) Permission to open new Aided Schools or to upgrade existing schools, shall not ordinarily be granted by Government.

(ii) The Board is of openion that in view of the salaries of Private School Teachers being disbursed by Government, the Government may, in future, open Departmental Schools wherever necessary, permission to start aided schools being granted only in very special cases." എന്നാണു്.

ഇതാണു് ബോർഡു നിർദ്ദേശിച്ചിരിക്കുന്ന ഒരു ശുപാർശ. ഇതു് ഗവണ്മെന്റിന്റെ ഉത്തരവിനകത്തു പറഞ്ഞിട്ടില്ല. ഇതു് ഗവണ്മെന്റ സ്വീകരിച്ചിട്ടുണ്ടോ ? ഉണ്ടെന്നും ഇല്ലെന്നും പറഞ്ഞിട്ടില്ല.

ഇനി ഈ കാര്യത്തെ സംബന്ധിച്ചു് ബോഡ്ഡു് മറ്റൊരു ശുപാശ ചെയ്തിട്ടുണ്ടു്. അതു് റെക്കഗ്നൈസ്ഡ് സ്കൂളുകളെ സംബന്ധിച്ചാണു്. റെക്കഗ്നൈസ്ഡ് സ്കൂളുകളെ അനുവദിക്കുന്നതിൽ ഇന്നുള്ള നിയന്ത്രണം ഉപേക്ഷിക്കണമെന്നും അവിടത്തെ ഫീസിന്റെ സീലിംഗ് മാറണമെന്നും ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടു്. കൂടാതെ റെക്കഗ്നൈസ്ഡ് സ്കൂളുകൾക്കു് ഗ്രാന്റു് കൊടുക്കുന്ന കാര്യം പരിഗണിക്കണമെന്നും ശുപാർശയുണ്ടു്. ഇതൊരു അപകടകരമായ ശുപാർശയാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. പഴയ കാലത്തു് നമ്മുടെ രാജ്യത്തു് പ്രൈവറ്റു് സ്കൂളുകൾ ഉണ്ടായിരുന്നു. മാനേജരന്മാർ ഗവണ്മെന്റിൽനിന്നും ഗ്രാന്റു് കെട്ടിവാങ്ങിച്ചിട്ടു് അവക്കിഷ്ടമുള്ള ഒരു തുക അദ്ധ്യാപകർക്കു കൊടുക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ആ സമ്പ്രദായം ഇവിടെ അവസാനിച്ചു കഴിഞ്ഞിരിക്കുകയാണു്. ആ സമ്പ്രദായം റെക്കഗ്നൈസ്ഡ് സ്കൂളുകളുടെ പേരിൽ വീണ്ടും കൊണ്ടുവരുന്നതിനുള്ള ഒരു ശുപാർശയാണു് ബോഡ്ഡു് ചെയ്തിട്ടുള്ളതു്. അതു് ഗവണ്മെന്റു് നിരസിച്ചതായി പറയുന്നില്ല. മറ്റൊന്നു് ഓവർക്രൌഡിംഗ് ഒഴിവാക്കുന്നതിനുവേണ്ടി സ്കൂളുകൾ ബൈഫർക്കേറ്റു ചെയ്യണമെന്നു പറയുന്നുണ്ടു്. ഗേൾസിനും, ബോയിസിനും പ്രത്യേകം സ്കൂളുകൾ ഉണ്ടായിരിക്കണമെന്നാണു് പറയുന്നതു്. ബോയിസ് സ്കൂളുകളിൽ പുരുഷന്മാരെ മാത്രമേ അദ്ധ്യാപകന്മാരായി നിയമിക്കാൻ പാടുള്ളൂ; സ്ത്രീകളെ നിയമിച്ച കൂടാ, ഹെഡ്മാസ്റ്ററായി നിശ്ചയമായും നിയമിച്ച കൂടാ എന്നാണു് ശുപാർശ ചെയ്യുന്നതു്. അതുപോലെ ഗേൾസ്സ്കൂളിൽ അദ്ധ്യാപകന്മാരെ നിയമിച്ചുകൂടാ, ഹെഡ്മാസ്റ്ററായി ഒരിക്കലും നിശ്ചയിച്ചുകൂടാ. ഇതു് വിദ്യാഭ്യാസവിദഗ്ദ്ധന്മാരാരും അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണെന്നു തോന്നുന്നില്ല. പഴയ കാലത്തു് ഇങ്ങനെയുള്ള ചില ആശയഗതികളും ഉണ്ടായിരുന്നു. ഡിസിപ്ലിൻ നിലനിറുത്തുന്നതിനു് ഇതാവശ്യമാണെന്നാണു് ബോർഡിന്റെ അഭിപ്രായം. ആ അഭിപ്രായത്തോടു് എനിക്കു യോജിക്കാൻ നിവൃത്തിയില്ല. വിദ്യാഭ്യാസ രംഗത്തുള്ള ആധുനിക ചിന്താഗതിയുമായി യാതൊരു വിധത്തിലും പൊരുത്തപ്പെടാത്തതാണു് ഇതെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു.

മറ്റൊന്നു് ഹയർ സെക്കൻഡറി സ്കൂളുകളെ സംബന്ധിച്ചാണു്. ഈ ഹയർ സെക്കൻഡറി സ്കൂളുകൾക്കുവേണ്ടി കേന്ദ്രഗവണ്മെന്റിൽനിന്നും ഗ്രാന്റും മറ്റുമൊക്കെ വാങ്ങി ലാബറട്ടറികളും ലൈബ്രറികളും ഉപകരണങ്ങളും ഒക്കെ വർദ്ധിപ്പിച്ചിട്ടുണ്ടു്. പതിനായിരക്കണക്കിനു രൂപ വാങ്ങിയിട്ടുള്ള സ്കൂളുകളുണ്ടു്. ഒരവസരത്തിൽ മുപ്പതോളം സ്കൂളുകൾ ഹയർ സെക്കണ്ടറി സ്കൂളുകളായിട്ടു് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടു്. ആ സ്കൂളുകളൊക്കെ ഹയർ സെക്കണ്ടറി സ്കൂളുകളായിട്ടു മാറണമെന്നാണു് ബോർഡിന്റെ ശുപാർശ. അതു് ഡൈസ്ചാൻസലറും, ഡി. പി. ഐ.യുംകൂടി പരിശോധിച്ചു് ഇതിനാവശ്യമായിട്ടുള്ള നടപടികളും സ്വീകരിക്കേണ്ടതാണെന്നുള്ള ഒരു നിർദ്ദേശം ഉണ്ടായിരുന്നു. ഇപ്പോഴും കുറെ ജൂനിയർ കോളേജുകളും അനുവദിച്ചിട്ടുണ്ടു്, ഈ

LIBRARY ARCHIVES Kerala Legislative Assembly

ജൂനിയർ കാളേജുകളും അനുവദിക്കുമ്പോൾ സ്വാഭാവികമായിട്ട് ചെയ്യേണ്ട ഒരു കാര്യമുണ്ട്. കുറെ ഹയർ സെക്കണ്ടറി സ്കൂളുകളും ഉണ്ടാക്കാൻ സാധിച്ചു. ആ സ്കൂളുകൾക്കു ഗവണ്മെൻറിൽനിന്നു ഗ്രാൻറു കൊടുത്തുതന്നെ ആവശ്യമുള്ള ഉപകരണങ്ങളും, ലൈബ്രറിയും ഉണ്ടാക്കി. അതൊക്കെ നശിച്ചുകൊണ്ടിരിക്കുകയാണു്. ഇങ്ങനെ ജൂനിയർ കാളേജുകളും ആവശ്യമുണ്ടെങ്കിൽ എന്താണു് ഈ സ്കൂളുകളോടു ചേർത്തു് ഉണ്ടാക്കാത്തതു് ? അങ്ങനെയായിരുന്നെങ്കിൽ ഹയർ സെക്കണ്ടറി സ്കൂളിലുള്ള ഉപകരണങ്ങളും ഇതിനുവേണ്ടി ഉപയോഗിക്കാമായിരുന്നു. അങ്ങനെ ചെയ്യാതെ ഞാൻ നേരത്തേ പറഞ്ഞതുപോലെ മറ്റു പല അടിസ്ഥാനത്തിലുമാണു് അനുവദിച്ചു കൊടുക്കുക എന്നാണു് അറിയുന്നതു്. ഈ കാര്യത്തിൽ ഗവണ്മെൻറു് യൂണിവേഴ്സിറ്റിയുമായി ആലോചിച്ചു് ഒരു ന്യായമായ തീരുമാനത്തിലെത്താൻ കഴിയുമായിരുന്നു : അതു് ചെയ്യേണ്ടതായിരുന്നു. ഗവണ്മെൻറു് അങ്ങനെ ചെയ്തിട്ടില്ല.

ഒരു കാര്യംകൂടി പറഞ്ഞു ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഇംഗ്ലീഷിൻെറ നിലവാരം ഉയർത്തുന്നതിനുവേണ്ടി മൂന്നാംക്ലാസ്സു മുതൽതന്നെ ഇംഗ്ലീഷു പഠിപ്പിക്കണമെന്നു് ഇപ്പോഴും നിശ്ചയിച്ചിട്ടുണ്ടു് അതുപോലെതന്നെ ഹിന്ദിയുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടി അടുത്തകൊല്ലം മുതൽ അഞ്ചാംക്ലാസ്സു് മുതൽ ഹിന്ദി പഠിപ്പിക്കണമെന്നു പറയുന്നുണ്ടു്. അതിന്നകത്തു് വിദ്യാഭ്യാസപരമായ ഒരു തത്വമുണ്ടെന്നുള്ളതു് ഞാൻ അംഗീകരിക്കുന്നു. എന്നാൽ അതു കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനു ഗവണ്മെൻറു ശ്രമിക്കുന്നുണ്ടെന്നു പറയുക സാദ്ധ്യമല്ല. മൂന്നാം ക്ലാസ്സിൽ ഇംഗ്ലീഷു് പഠിപ്പിക്കുന്നതിനു ഏതാണ്ടു നാലായിരം അദ്ധ്യാപകർക്കു പരിശീലനം കൊടുത്തിരുന്നു. അതു കഴിഞ്ഞതിനുശേഷം പിന്നെ ആർക്കും ആ പരിശീലനം കൊടുത്തിട്ടില്ല. ഇന്നു് എല്ലാ സ്കൂളുകളിലും മൂന്നാം ക്ലാസ്സിൽ ഇംഗ്ലീഷു് പഠിപ്പിക്കുന്നുണ്ടു്. ഇന്നു പഠിപ്പിക്കുന്ന രീതിയിലാണെങ്കിൽ അതു പഠിപ്പിക്കാതിരിക്കുകയാണു് ഭേദമെന്നു ശക്തിയായ അഭിപ്രായം ഉണ്ടു്. മൂന്നാംക്ലാസ്സു മുതൽ തന്നെ ഇംഗ്ലീഷു് പഠിപ്പിക്കണമെന്നു ഗവണ്മെൻറു് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനു് പരിശീലനം സിദ്ധിച്ച അദ്ധ്യാപകരെ വയ്ക്കുകയാണു് വേണ്ടതു്. അദ്ധ്യാപകരില്ലാതെ അതു പഠിപ്പിക്കുന്നതുകൊണ്ടു് ഗുണത്തേക്കാളധികം ദോഷമാണുണ്ടായിട്ടുള്ളതു്. ഈ ഉപദേശകസമിതിയുടെ മറ്റു ശുപാർശകളെ സംബന്ധിച്ചു് എനിക്കു വലിയ അഭിപ്രായവ്യത്യാസമില്ല. സമയമില്ലാത്തതുകൊണ്ടു് ഇത്രമാത്രം പറഞ്ഞു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സർ, ശ്രീ. കൃഷ്ണപിള്ള അവതരിപ്പിച്ചിട്ടുള്ള മോഷനെ ഞാൻ പിൻതാങ്ങുകയും, അദ്ദേഹം ഉന്നയിച്ചിട്ടുള്ള ചില പ്രധാനപ്പെട്ട നിഗമനങ്ങളോടു് പരിപൂർണ്ണമായി യോജിക്കുകയുംചെയ്യുന്നു. ഇത്തരത്തിലുള്ള ഒരുപദേശക സമിതി കേരളത്തിൽ മാത്രമാണു് എന്നകാര്യത്തിൽ സമിതി തീച്ചയായും അഭിമാനിച്ചിട്ടുണ്ടു്. ആ അഭിമാനത്തോടുകൂടിതന്നെ ഞാനും യോജിക്കുകയാണു്. എന്നാൽ ഈ ഉപദേശകസമിതി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശത്തോടൊപ്പംതന്നെ പ്രാദേശികമായി ജനാധിപത്യപരമായ ഉപദേശക സമിതികളും രൂപീകരിക്കണമെന്നും, ആ ഉപദേശക സമിതിയിൽ നിന്നു ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഉപദേശം ലഭിക്കണമെന്നുംകൂടി നിർദ്ദേശമുണ്ടായിരുന്നു. എന്നാൽ അതനുസരിച്ചുള്ള പ്രാദേശികോപദേശക സമിതി പ്രയോഗത്തിൽ വന്നിട്ടില്ല. ഈ ഉപദേശക സമിതിയിൽ ശ്രീ. അലക്സാണ്ടർ പറമ്പിത്തറയെപ്പോലുള്ള ആളുകളും അംഗങ്ങളായിട്ടുള്ളതു് ഞാൻ അഭിമാനത്തോടുകൂടി സ്മരിക്കുകയാണു്. അതേസമയം ഒരു കാര്യം വിസ്മരിക്കുവാൻ സാദ്ധ്യമല്ല. ഈ രാജ്യത്തു് വിദ്യാഭ്യാസരംഗത്തു് പ്രവൃത്തിയെടുക്കുന്ന അദ്ധ്യാപകരും, അവരുടെ അംഗീകരിക്കപ്പെട്ടിട്ടുള്ള സംഘടനകളും ഉണ്ടു്. അവരുടെ പ്രതിനിധികളെക്കൂടി ഈ സമിതിയിൽ കൊണ്ടുവരുന്നതു് നന്നായിരിക്കുമെന്നാണു് എനിക്കു നിർദ്ദേശിക്കുവാനുള്ളതു്. അവർക്കൂടി ഉണ്ടായിരുന്നെങ്കിൽ ഈ സമിതി കുറെക്കൂടി പ്രായോഗിക അനുഭവ

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ)

സമ്പന്നതകാരണം പ്രയോജനകരമായി പ്രവർത്തിക്കുമായിരുന്നു. ഈ ഉപദേശക സമിതി ഗവണ്മെൻറിലേക്കു് സമർപ്പിച്ചിട്ടുള്ള ശുപാശ്കളിൽ ചിലതു് ഗവണ്മെൻറു് അംഗീകരിക്കാത്തതിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. അഞ്ചരവയസ്സാണു് വിദ്യാഭ്യാസം ആരംഭിക്കുന്നതിനുള്ള കാലമായി നിശ്ചയിച്ചിട്ടുള്ളതു്. അതിനുമുമ്പു കൊടുക്കുന്നതു് നേഴ്സറി വിദ്യാഭ്യാസമാണു്. നമ്മുടെനാട്ടിലുള്ള ബാലികാബാലന്മാർക്കു് സാമൂഹ്യബോധം കൈവരുന്നതിനും, അവർക്കു് സംരക്ഷണം കൊടുക്കുന്നതിനുമുള്ള ഏർപ്പാടൊന്നും ഇല്ല. അതിനുള്ള ഏർപ്പാടുകളും ഉണ്ടാക്കണമെന്നു ഈ സമിതി ശുപാശ് ചെയ്തിട്ടുണ്ടു്. അതിനു് ടെയിനിംഗ് സ്കൂളുകളും ഉണ്ടാക്കുവാൻ ഉപദേശിച്ചിട്ടുണ്ടു്. എന്നാൽ അതൊന്നും ഉണ്ടായിട്ടില്ല. ഈ ശുപാശ്യെ സംബന്ധിച്ചു കാര്യമായ നടപടി എടുക്കണമെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു.

ഈ സമിതി കാര്യമായ, ശരിയായ ഒരു തീരുമാനംചെയ്തിട്ടുണ്ടു്. അതു് ഗവണ്മെൻറു തള്ളിക്കളഞ്ഞിരിക്കുകയാണു്. ഗവണ്മെൻറിൻെറ നയം വിദ്യാഭ്യാസരംഗത്തു് പ്രൈവറ്റു ഏജൻസിയെ അരക്കിട്ടുറപ്പിക്കുക എന്നുള്ളതാണു്. എന്നാൽ കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതു് പ്രൈവറ്റു ഏജൻസിയെ അംഗീകരിക്കുക എന്നുള്ളതു് മേലാൽ പാടില്ല എന്നാണു്. ഈ പ്രശ്നംസംബന്ധിച്ചിടത്തോളം ഇന്നു ഗവണ്മെൻറു വ്യക്തമായ തീരുമാനം എടുത്തിട്ടില്ലെന്നു മാത്രമല്ല വളരെ ദ്രോഹകരമായ നടപടികളാണെടുത്തിട്ടുള്ളതു്. അഖിലേൻഡ്യാടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നയങ്ങൾക്കുകൂടി എതിരാണു് ഈ ഗവണ്മെൻറിൻെറ നയം. ഈ ഉപദേശക സമിതി ചൂണ്ടിക്കാണിച്ചിട്ടുള്ള നല്ലകാര്യത്തിൽ യാതൊരു ശ്രദ്ധയും ഗവണ്മെൻറു ചെലുത്തിയിട്ടില്ല. അഴിമതിയുടെയും അക്രമത്തിൻെറയും വിളനിലമായി ഇന്നു് പല സ്വകാര്യ വിദ്യാലയങ്ങളും അധഃപതിച്ചിട്ടുണ്ടു്. പ്രത്യേക സാഹചര്യത്തിൽ ചില ഏറിയയിൽ ഏതെങ്കിലും ഒന്നോ, രണ്ടോ സ്കൂളുകൾ സ്വകാര്യ ഏജൻസി തുടങ്ങിക്കഴിഞ്ഞാൽ ആകാശം പൊട്ടിവീഴുമെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഗവണ്മെൻറിൻെറ ഖജനാവിൽനിന്നാണു് ഇന്നു് ഈ അദ്ധ്യാപകന്മാർക്കു് ശമ്പളവും മറ്റും കൊടുക്കുന്നതു്. അദ്ധ്യാപകന്മാരെ നിയമിക്കുവാനുള്ള അധികാരം സ്വകാര്യ ഏജൻസികളെ സംബന്ധിച്ചിടത്തോളം മാനേജരിൽ നിക്ഷിപ്തമായിരിക്കുന്ന കാലത്തോളം വളരെ അഴിമതികളാണു് അതുസംബന്ധിച്ചു നടക്കുന്നതെന്നവസ്തുത വിസ്തരിക്കുവാൻസാദ്ധ്യമല്ല. അതിൻെറ അടിസ്ഥാനത്തിൽ ഈ സമിതി ചെയ്തിട്ടുള്ള ശുപാശ് ഗവണ്മെൻറു അംഗീകരിക്കേണ്ടതായിരുന്നു.

പെൺകുട്ടികളും പഠിക്കുന്ന സ്കൂളിലെ പ്രധാന അദ്ധ്യാപകൻ പുരുഷനാകുവാൻ പാടില്ലെന്നും, അതുപോലെതന്നെ ആൺകുട്ടികളുടെ സ്കൂളിലെ പ്രധാന അദ്ധ്യാപകൻ ഫീമെയിൽ ആയിരിക്കാൻപാടില്ലെന്നും ഉപദേശകസമിതി പറഞ്ഞിട്ടുണ്ടു്. അതിനു് ഗവണ്മെൻറു സമ്മതവും കൊടുത്തിട്ടുണ്ടു്. എന്നാൽ ഇതു് വളരെപ്രതിലോമപരമായ ഒരു തീരുമാനമാണെന്നു പറയാതെതരമില്ല. പരീക്ഷായോഗ്യതയുള്ള ആളുകളെ ഗേൾസ് സ്കൂളുകളിൽ ലൈംഗികമായ വ്യത്യാസത്തിൻെറ അടിസ്ഥാനത്തിൽ പ്രധാന അദ്ധ്യാപകനായി നിയമിക്കാൻ പാടില്ലെന്നും, അതുപോലെ പരീക്ഷായോഗ്യതയുള്ള സ്ത്രീകളെ ആൺപള്ളിക്കൂടങ്ങളിൽ പ്രധാന അദ്ധ്യാപികയായി നിയമിക്കുവാൻ പാടില്ലെന്നും പറയുന്നതു് വാസ്തവത്തിൽ നമ്മുടെ ഭരണഘടനയ്ക്കുതന്നെ വിരുദ്ധമായിട്ടുള്ള ഒന്നാണു്. അങ്ങനെയുള്ള ഒരു ശുപാശ്യാണു് ഗവണ്മെൻറു അനുമതി കൊടുത്തിട്ടുള്ളതു്. ഇത്തരത്തിലുള്ള ഒരു നിയന്ത്രണം ഇവിടെ ചുമത്തിയിട്ടുള്ളതു് ശരിയായില്ല എന്ന അഭിപ്രായമാണു് എനിക്കുള്ളതു്. ഇതിൻെറ പേരിലും പ്രൈവറ്റു് സ്കൂൾമാനേജർമാർ പണമടിക്കുന്നുണ്ടു്. തീപിടിക്കുന്ന അവസരത്തിൽപോലും ബീഡികത്തിക്കട്ടെ എന്നനിലപാടാണു് ഇതിൽ ഇവർ സ്വീകരിച്ചിട്ടുള്ളതു്.

പിന്നെ സെഷണൽ (sessional) ക്ലാസു് നടത്തുന്നതിനെപ്പറ്റി ചില ശുപാശുകളും ചെയ്തിട്ടുണ്ടു്. രാവിലെയും വൈകുന്നേരവും ഓരോ സെഷനിൽ ആൺകുട്ടികളെയോ പെൺകുട്ടികളെയോ മാത്രം ഇരുത്തി പഠിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഇങ്ങനെ ഒരു തീരുമാനമെടുത്തതു് ഖേദകരമായിപ്പോയി. കാരണം ഓരോ ക്ലാസ്സിനും ആവശ്യമുള്ള കുട്ടികളും ചിലപ്പോൾ ഇല്ലാതെവരാനിടയുണ്ടു്.

വിദ്യാഭ്യാസനിലവാരം താണുപോയി എന്നുപറയുന്നതു് ശരിയല്ല. ഇംഗ്ലീഷിന്റെ സ്റ്റാൻഡേഡ് താണുപോയി എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണു് വിദ്യാഭ്യാസനിലവാരം താണുപോയി എന്നുപറയുന്നതെന്നു തോന്നുന്നു. ഇംഗ്ലീഷിന്റെ സ്റ്റാൻഡേഡ് ഉയർത്തുന്നതിനുവേണ്ടി മൂന്നാം ക്ലാസു മുതൽ ഇംഗ്ലീഷ് പഠിപ്പിച്ചു തുടങ്ങണമെന്നു തീരുമാനിച്ചിട്ടുണ്ടു്. മൂന്നാം ക്ലാസിലേക്കു് നിശ്ചയിച്ചിട്ടുള്ള പാഠപുസ്തകങ്ങളാണെങ്കിൽ പണ്ടു് അഞ്ചാംക്ലാസിലും മറ്റും ഇംഗ്ലീഷിനു നിശ്ചയിച്ചിരുന്ന മാതിരിയുള്ള പാഠപുസ്തകങ്ങളാണു് നിശ്ചയിച്ചിരിക്കുന്നതു്. സ്റ്റാൻഡേഡ് താണുപോയി എന്നു പറയുന്നതിൽ വല്ല ദുരുദ്ദേശവും ഉണ്ടോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. അദ്ധ്യാപകന്മാർ അവരുടെ ശമ്പളം കൂട്ടണമെന്നും, മറ്റു അവകാശങ്ങളും കിട്ടണമെന്നും പറയുമ്പോഴും സ്റ്റാൻഡേഡു കുറഞ്ഞുപോയി, സ്റ്റാൻഡേഡു കുറഞ്ഞുപോയി എന്നു പറഞ്ഞു് അവരുടെ ആ അവകാശങ്ങളും ചവുട്ടിമെതിക്കുവാനുള്ള പ്രവണത ഇങ്ങനെ പറയുന്നതിന്റെ പിന്നിലുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സ്റ്റാൻഡേർഡു് ഉയർത്തുന്നതിനു് മൂന്നാംക്ലാസു മുതൽ ഇംഗ്ലീഷു പഠിപ്പിച്ചു തുടങ്ങിയാൽ സഹായകമാകുമോ എന്നു എനിക്കു് സംശയമുണ്ടു്. സമയമില്ലാത്തതിനാൽ ഇത്രമാത്രം പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സർ, വിദ്യാഭ്യാസോപദേശകസമിതിയുടെ ശുപാശ്കളെപ്പറ്റി ചർച്ചചെയ്യുന്ന ഈ അവസരത്തിൽ ഏതാനും ചില സംഗതികളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുകയാണു്. ഈ സമിതി വിദ്യാഭ്യാസത്തിൽ പഴക്കവും, തഴക്കവും സിദ്ധിച്ച, മുമ്പു ഇവിടെ വിദ്യാഭ്യാസ ഡയറക്ടറായിരുന്നു റിട്ടയർചെയ്തിട്ടുള്ള ശ്രീ. എ. എൻ. മേനോന്റെ അദ്ധ്യക്ഷതയിലുള്ള ഒന്നാണു്. അങ്ങനെയുള്ള വിദ്യാഭ്യാസ ചിന്തകന്മാർ ഈ സമിതിയിൽ ഉണ്ടായിരുന്നു. നാലു ശുപാശ്കളാണു് പ്രധാനമായി ഈ സമിതി ചെയ്തിട്ടുള്ളതു്. ഈ ശുപാശ്കളിൽ വളരെ പ്രധാനമായും പറയുന്നതു് എഫിഷ്യൻറു് ടീച്ചിംഗ് സ്റ്റാഫു് വേണമെന്നുള്ളതാണു്. എഫിഷ്യൻറു് ടീച്ചിംഗ് സ്റ്റാഫിനെ നമ്മുടെ സംസ്ഥാനത്തു് ടീച്ചേഴ്സ് മേഖലയിൽ എങ്ങനെ ഉണ്ടാക്കുവാൻ കഴിയുമെന്നുള്ളതു ഗവണ്മെൻറു വളരെ ഗഹനമായി ചിന്തിക്കേണ്ടതുണ്ടു്. വിദ്യാഭ്യാസസംബന്ധമായ സ്റ്റാഫാഡേഡു വളരെയുള്ള ആളുകളെ ടെയിനിംഗ് കൊടുത്തു പുറത്തിറക്കിയാൽ മാത്രമെ എഫിഷ്യൻറു് ടീച്ചിംഗ് സ്റ്റാഫായി നമുക്കു ആളുകളെ ഉണ്ടാക്കുവാൻ സാധിക്കുകയുള്ളു. ഇക്കാര്യം ഗവണ്മെൻറു വളരെ ആവശ്യമായിട്ടുള്ള നിലയിൽ പരിഗണനയിൽ എടുക്കേണ്ടതാണു്.

കോ-എഡ്യൂക്കേഷനെ സംബന്ധിച്ചു കമ്മിറ്റിയുടെ ശുപാശ്യയിൽ ഇങ്ങനെപറയുന്നു. "As far as possible co-education should be discouraged during the adolescent stage" ഇക്കാര്യത്തിൽത്തന്നെ ഞാൻ ഉറച്ചു നില്ക്കുകയാണു്. എന്റെ അഭിപ്രായത്തിൽ ഈ കമ്മിറ്റിയുടെ ചിന്താഗതി നമ്മുടെ നാട്ടിലെ പ്രത്യേക പരിതസ്ഥിതിയനുസരിച്ചു വളരെവേഗം നടപ്പിൽവരുത്തണമെന്നാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : പെൺപള്ളിക്കൂടത്തിൽ പ്രധാനാദ്ധ്യാപകൻ ആണായിരിക്കുവാൻ പാടില്ലെന്നു പറഞ്ഞിരിക്കുന്നതിനെ അനുകൂലിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അതിലേക്കാണ് ഞാൻ വരുന്നത്. പെൺപള്ളിക്കൂടത്തിൽ പെൺ അദ്ധ്യാപകരെയും, ആൺ പള്ളിക്കൂടത്തിൽ ആൺ അദ്ധ്യാപകരെയും മാത്രമെ നിയമിക്കുവാൻ പാടുള്ള എന്നകാര്യത്തിലും കമ്മിറ്റിയുടെ അഭിപ്രായത്തിൽ ഉറച്ചുനില്ക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇതു പ്രായോഗികമായി നടപ്പിൽവരുത്തണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

സർ, സ്കൂളിലെ തിക്കും തിരക്കും ഒഴിവാക്കാനായി കമ്മിറ്റി നൽകിയിട്ടുള്ള അഭിപ്രായത്തിൽ ഇങ്ങനെ പറയുന്നു. "To solve the problem of accommodation and to limit the number of admissions to existing schools, a more liberal policy may be pursued by the Government in the matter of opening new private schools"
പുതിയ സ്വകാര്യ സ്കൂളുകൾ ആവശ്യത്തിനനുസരിച്ച് ഈ നാട്ടിൽ തുറക്കുകയാണെങ്കിൽ ഗവണ്മെന്റ് പള്ളിക്കൂടങ്ങളിലെ തിക്കും തിരക്കും ഒഴിവാക്കുവാൻ സാധിക്കും. പ്രൈവറ്റ് ഏജൻസികൾ എല്ലാവരും കള്ളന്മാരാണെന്നു വിചാരിക്കുന്നതു തെറ്റാണ്. പ്രൈവറ്റ് ഏജൻസികൾ വിദ്യാഭ്യാസമേഖലയിൽ മഹത്തായ സേവനംചെയ്തിട്ടുള്ളവരാണ്. ആവശ്യമുള്ള സ്ഥലങ്ങളിൽ നല്ല ഏജൻസിയെ തിരഞ്ഞെടുത്തു അവർക്ക് സ്കൂൾ കൊടുക്കുന്നതു ഗവണ്മെന്റിനുകൂടി കാര്യക്ഷമമായി വിദ്യാഭ്യാസം കൈകാര്യംചെയ്യുവാൻ സഹായകമായിരിക്കും എന്നതിലാണ് ഞാൻ നില്ക്കുന്നത്. കമ്മിറ്റിയുടെ ശുപാർശയിൽ "Games and Athletics should be given their due weight" എന്നു പറഞ്ഞിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസരംഗത്തു ഗെയിംസ് ആൻഡ് അത്ലറ്റിക്സിനു് ആവശ്യമായ സൗകര്യം കൊടുത്തിട്ടില്ല. അതിനു് ആവശ്യമായ ടീച്ചിംഗ് സ്റ്റാഫ് ഉണ്ടോ എന്നകാര്യം ചിന്തിക്കണം. നമ്മുടെ സ്കൂളുകളിൽ വളരെ പരിമിതമായ സൗകര്യമാണ് ഗെയിംസിന്റെയും, അത്ലറ്റിക്സിന്റെയും കാര്യത്തിലുള്ളതു്. ഈ കാര്യം എങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കുമെന്നു മനസ്സിലാക്കി നമ്മുടെ യുവ തലമുറയെ ഗെയിംസിലും, അത്ലറ്റിക്സിലും താല്പര്യമുള്ളവരായി വാർത്തെടുക്കുവാൻ ശ്രമിക്കണമെന്നു ഞാൻ വിനീതമായി ഗവണ്മെന്റിനോടു അഭ്യർത്ഥിക്കുകയാണ്.

ഒരു കാര്യംകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കാം. ഹയർ സെക്കണ്ടറി സ്കൂളുകളുടെ കാര്യത്തിൽ മുപ്പതു സ്കൂളുകൾ തുടങ്ങുവാൻ ആലോചിച്ചു. അതിനു് ചില സാധനസാമഗ്രികളും വിതരണംചെയ്തു. അന്നു് അതിനു് പറഞ്ഞിരുന്ന തടസ്സം മാസ്റ്റേഴ്സ് ഡിഗ്രിയുള്ള അദ്ധ്യാപകരെ കിട്ടുവാൻ പ്രയാസമുണ്ടെന്നാണ്. ഈ കാര്യം ഒന്നു പരിശോധിച്ചു ഈ സമിതിയുടെ അഭിപ്രായമനുസരിച്ചു ചെയ്യുവാൻ ആലോചിക്കണം.

നമ്മുടെ കുട്ടികൾക്കുവേണ്ടി നമ്മുടെപ്രദേശത്തു്, പ്രീയൂണിവേഴ്സിറ്റി ക്ലാസ് ആരംഭിക്കുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുവാൻ ഈ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സാധിക്കുമോ എന്നുകൂടി പരിശോധിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: സർ, വിദ്യാഭ്യാസ ഉപദേശക സമിതിയുടെ റിപ്പോർട്ട് ഇന്നിവിടെ ചർച്ചയ്ക്കു വന്നതു് വളരെ സന്തോഷാവഹമാണ്. നമ്മുടെ കേരളത്തിൽമാത്രമെ ഇങ്ങനെയൊരു ഉപദേശകസമിതിയുള്ള. അതായതുകാലത്തു ഇൻഡ്യയിൽമാത്രമല്ല, മറ്റു് പല രാജ്യങ്ങളിലുമുണ്ടാകുന്ന വിദ്യാഭ്യാസപരിഷ്കാരങ്ങളും നോക്കി കേരളത്തിൽ വിദ്യാഭ്യാസസമ്പ്രദായത്തിൽ എന്തു പരിഷ്ക്കാരം വരുത്തണമെന്നു് ഉപദേശിക്കാൻ വേണ്ടിയാണ് ഈ സമിതി ഉണ്ടാക്കിയിട്ടുള്ളതു്. വിദ്യാഭ്യാസവിദഗ്ദ്ധന്മാരായ മെംബറന്മാരാണ ഈ കമ്മിറ്റിയിലുള്ളതെന്നു് എനിക്കറിയാം. എന്നാൽ ഈ സമിതി രൂപീകരിച്ച സമയത്തു തന്നെ പ്രാഥമിക തലത്തിലും ഹൈസ്കൂളുകളിലും ജോലിചെയ്യുന്ന അദ്ധ്യാപകർക്കുകൂടി പ്രാതിനിദ്ധ്യം കൊടുത്താൽ വിദ്യാഭ്യാസസംബന്ധമായ മാറ്റങ്ങളും അനുഭവത്തിന്റെ വെളിച്ച

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ വരുത്താൻ കഴിയുമെന്നു ഞാൻ പറഞ്ഞിരുന്നു. അതിനെപ്പറ്റി ആലോചിക്കുകയോ നടപ്പിൽ വരുത്തുകയോ ചെയ്തില്ല. ഇന്നു് ഈ ഉപദേശക സമിതിക്കുവേണ്ടി കുറേ അധികം പണം ചെലവുചെയ്യുന്നു. ഉപദേശകസമിതികൾ ആലോചനകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാറുണ്ടെങ്കിലും അതു് നടപ്പിൽവരുത്തേണ്ടയോളംകാലം അതു ശരിയായി പഠിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും അതിലുള്ള ശുപാർശകൾ നടപ്പിൽവരുത്തുന്നില്ലെന്നു വ്യക്തമായ ആക്ഷേപമുണ്ടു്. വിദ്യാഭ്യാസത്തിന്റെ പ്രാരംഭം തുടങ്ങുന്നതു പ്രാഥമിക സ്കൂളുകൾക്കാണു മുമ്പാണു്. അതായതു് നഴ്സറി സ്കൂളുകൾ. ഇന്നു് എല്ലാ പരിഷ്കൃത രാജ്യങ്ങളും വളരെ അധികം പ്രാധാന്യംകൊടുത്തു ധാരാളം പണവുംചെലവുചെയ്തു വിദഗ്ദ്ധന്മാരായ ആളുകളെക്കൊണ്ടു് ഈ നഴ്സറി ഘട്ടം കൈകാര്യം ചെയ്യിക്കുന്നുണ്ടു്. അവിടെ നിന്നാണു പ്രൈമറിസ്കൂളുകളിലേക്കു് കുട്ടികൾ പോകുന്നതു്. ഇന്നു് അമേരിക്ക, ഇംഗ്ലണ്ടു്, റഷ്യ എന്നീ രാജ്യങ്ങളിലെ വിദ്യാഭ്യാസരീതി നോക്കുകയാണെങ്കിൽ ഇതിനു കൂടുതൽ പ്രാധാന്യം കൊടുക്കുന്നതായി കാണാൻ കഴിയും. നഴ്സറിസ്കൂളുകളെ സംബന്ധിച്ചിടത്തോളമുള്ള ശുപാർശകൾ സ്വീകരിച്ചു് ആ അടിസ്ഥാനത്തിൽ കുട്ടികളെ വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കേണ്ടതുണ്ടു്. അഞ്ചും, ആറും വയസ്സായശേഷം കുട്ടികളെ പള്ളിക്കൂടത്തിൽ ചേർത്താലുള്ള കാര്യം വേറെയാണു്. ആ പ്രായത്തിനിടയ്ക്കുതന്നെ അവർ വീട്ടിന്റെ പരിസരങ്ങളിൽ നിന്നും വേണ്ടതെന്തെങ്കിലും പഠിച്ചുകഴിയും. കുട്ടികളെ പഠിപ്പിച്ചുതുടങ്ങാനുള്ള ശരിയായ കാലം 2 വയസ്സാണു്. രണ്ടുമുതൽ നാലു വയസ്സുവരെയുള്ള കാലഘട്ടത്തിൽ നഴ്സറിസ്കൂളുകൾ തുറന്നു് അവിടെ പരിശീലനം നൽകാനുള്ള പരിപാടി നമുക്കു് ആസൂത്രണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഉപദേശകസമിതി ഇതിനു ശുപാർശ വച്ചിട്ടുണ്ടെങ്കിലും അതു നടപ്പിൽവരുത്താൻ കഴിയാത്തതു് ഖേദകരമാണെന്നു പറയേണ്ടിയിരിക്കുന്നു. അതിനു വേണ്ടിടത്തോളം പരിശീലനമുള്ള അദ്ധ്യാപകന്മാരില്ലെങ്കിൽ ഓരോ ജില്ലയിലും ടെയിനിംഗ് സ്കൂളുകൾ തുറന്നു കുറേപേർക്കു് പരിശീലനം നൽകുന്ന ഒരു തുടക്കമെങ്കിലും നടത്തിയില്ലെന്നു കാണുന്നതു് വളരെ വേദനയോടുകൂടി . സ്മരിക്കുകയാണു്. അതുപോലെതന്നെ ഇന്നത്തെ വിദ്യാർത്ഥികൾക്കു സ്പിരിച്ചുലും, മോറലും ആയിട്ടുള്ള വിദ്യാഭ്യാസം ലോകത്തുള്ള മഹതീമഹാന്മാരുടെ ബയോഗ്രഫി വഴി നൽകണമെന്നു ശുപാർശ വച്ചിട്ടുണ്ടു്. അങ്ങനെ വളർന്നുവരുന്ന കുട്ടികൾക്കു് സാംസ്കാരികമായും ആദ്ധ്യാത്മികമായും ഉള്ള അറിവു് നൽകേണ്ടതാണു്. ഈ കുട്ടികൾ വളർന്നാണല്ലൊ ഭാവിയിൽ എം. എൽ. എ. മാരും മന്ത്രിമാരും എല്ലാം ആകുന്നതു്. ഇന്നു് രാജ്യത്തു് മോറലായിട്ടും സ്പിരിച്ചുലായിട്ടും അധഃപതനം ഉണ്ടായിട്ടുള്ളതിന്റെ കാരണം, പ്രാഥമിക വിദ്യാഭ്യാസഘട്ടത്തിൽതന്നെ ആവശ്യകാര്യങ്ങൾ പഠിക്കാൻ സാധിക്കാത്തതാണു്. അതിനുള്ള നടപടി ഗവണ്മെന്റു് ഇതുവരെ സ്വീകരിച്ചിട്ടില്ല. അവസാനമായി എല്ലാ കാലത്തും ശുപാർശചെയ്തിട്ടുള്ളതും ശുപാർശ ഇല്ലാതെതന്നെയും ഈ അസംബ്ലിയിലും പുറത്തും പലരും ആവശ്യപ്പെട്ടിട്ടുള്ളതുമായ ഒരു കാര്യമാണു് പ്രാഥമികസ്കൂൾ കുട്ടികൾക്കു് മെഡിക്കൽ ഇൻസ്പെക്ഷൻ നടത്തണമെന്നുള്ളതു്. കുട്ടികൾ പല രോഗങ്ങൾക്കും വിധേയരായിരിക്കും. വളരെ ഭയങ്കരമായ കുഷ്ഠരോഗം, ക്ഷയരോഗം, തുടങ്ങിയ പകർച്ചവ്യാധികളുള്ള കുട്ടികളും കണ്ടേക്കും. ഇത്തരം കുട്ടികളെയാണു് സ്കൂളുകളിൽ ചേർക്കുന്നതു്. പ്രായമാകുമ്പോൾ എത്രതന്നെപണം ചെലവുചെയ്താലും ഈ മാതിരി പകർച്ചവ്യാധികൾ മാറ്റാൻസാധിക്കാതെയാണവരുന്നതു്. ഈ കുട്ടികളെ ചേർക്കുന്നസമയത്തു് ഒരു മെഡിക്കൽ ഇൻസ്പെക്ഷൻ നടത്താൻ പരിപാടിയുണ്ടെങ്കിൽ ഇതിനൊരു പരിഹാരമാർഗ്ഗം ഡിപ്പാർട്ടുമെന്റിനും രക്ഷകർത്താക്കൾക്കും കണ്ടുപിടിക്കാൻ കഴിയുമായിരുന്നു. അങ്ങനെയെല്ലാം കല്പനകൊടുത്തിട്ടുണ്ടെന്നു ഗവണ്മെന്റുപറയും. പക്ഷെ ഒരു സ്കൂളിലും അങ്ങനെ നടക്കുന്നില്ല. ഒരു മെഡിക്കൽ ഇൻസ്പെക്ഷൻ നടത്തി കുട്ടികളുടെ ആരോഗ്യം നിലനിത്താനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ, ഈ രാജ്യത്തിന്റെ ഭാവി എത്രപണം ചെലവുചെയ്താലും ശോഭനമാകുകയില്ല. ഇതിനു

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ)

ഒരുപോംവഴി ഗവണ്മെൻറുകാണണം. പ്രൈമറിസ്കൂളുകളിൽ മെഡിക്കൽ ഇൻസ്പെക്ഷനുള്ള നടപടി സ്വീകരിക്കണം. ഈ രണ്ടുമൂന്നു പ്രധാന കാര്യങ്ങളെസംബന്ധിച്ചിടത്തോളം വ്യക്തമായശുപാർശകളും വച്ചിട്ടുള്ളതു് നടപ്പിൽ വരുത്താൻ ഗവണ്മെൻറു് പരിശ്രമിക്കണമെന്നും അതിനുവേണ്ട പണം നീക്കി വയ്ക്കണമെന്നും പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ: വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മിക്കവാറും എല്ലാ കാര്യങ്ങളെസംബന്ധിച്ചും ബോർഡു് ചർച്ച ചെയ്യുകയും വിലയേറിയ നിർദ്ദേശങ്ങളും ഗവണ്മെൻറിലേക്കു് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ട വായിച്ചുനോക്കിയാൽ കാണാൻകഴിയും. ശ്രീ. കൃഷ്ണപിള്ള ഇവിടെ പറഞ്ഞ ഒരു അഭിപ്രായത്തോടു എനിക്കു് യോജിക്കാൻ കഴിയുന്നില്ല. ഈ ബോർഡിൽ വിദ്യാഭ്യാസം സംബന്ധിച്ച കാര്യങ്ങളും വൈദഗ്ദ്ധ്യത്തോടുകൂടി കൈകാര്യംചെയ്യാൻ കഴിവുള്ള അംഗങ്ങളും ഉണ്ടെന്നു സമ്മതിക്കുമ്പോഴും സിലബസ്സിനെസംബന്ധിച്ചു് ഈ ബോർഡു് അഭിപ്രായംപറയുന്നതു് ശരിയല്ലെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഒരു ഉപദേശകബോർഡാണു് ഇതെന്നുള്ള നിലയിൽ ആ കാര്യത്തെ സംബന്ധിച്ചു് ഉപദേശം പേണ എന്തെങ്കിലും പറയുന്നതിൽ അപാകത ഉണ്ടെന്നു തോന്നുന്നില്ല. ഈ ബോർഡിലെ പല മെമ്പറന്മാരും വിദഗ്ദ്ധന്മാരാണു്. സിലബസ്സു് സംബന്ധിച്ചു് ശുപാർശചെയ്തിട്ടുള്ളതും അവർതന്നെയാണു്. എല്ലാ കാര്യങ്ങളെ സംബന്ധിച്ചും നൽകുന്ന ഉപദേശം അതേപടി ഗവണ്മെൻറു സ്വീകരിക്കണമെന്നില്ല. എന്നാൽ, ഈ ഉപദേശകബോർഡു് സമർപ്പിച്ചിരിക്കുന്ന മിക്കവാറും എല്ലാ നിർദ്ദേശങ്ങളും ഗവണ്മെൻറു സ്വീകരിച്ചതായി കാണുന്നുണ്ടു്. രണ്ടുമൂന്നു കാര്യങ്ങളൊഴിച്ചു് മറ്റെല്ലാറ്റിനേയും ഗവണ്മെൻറിനു് യോജിപ്പുള്ളതായിട്ടാണു് ഇതു നോക്കിയാൽ കാണുന്നതു്. വിദ്യാഭ്യാസത്തെ സംബന്ധിച്ച നയമുംപ്പെടെയുള്ള എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ബോർഡിനു് ആലോചിക്കാൻ അവകാശമുണ്ടെന്നുള്ള നിലയിൽ സിലബസ്സിനെസംബന്ധിച്ചു് ആലോചിക്കുന്നതു് അവരുടെ അധികാര സീമയിൽ കവിഞ്ഞതാണെന്നു വിചാരിക്കുന്നതു തെറ്റാണു്. റിപ്പോർട്ടിലുള്ള ഒന്നുരണ്ടുകാര്യങ്ങളെപ്പറ്റി പറയാൻ ഞാനാഗ്രഹിക്കുന്നു. പ്രധാനമായി സ്കൂളുകളിലെ ഓവർക്രൗഡിംഗ്ു് അവസാനിപ്പിക്കുന്നതിനെപ്പറ്റി ബോർഡു പറയുന്നുണ്ടു്. അതിനു് വ്യക്തമായ എന്തെങ്കിലും നിർദ്ദേശങ്ങളും വച്ചുകാണുന്നില്ല. സെഷനൽസമ്പ്രദായം ഏർപ്പെടുത്തി അതവസാനിപ്പിക്കാൻ കഴിയുമെന്നാണു് പറയുന്നതു്. സെഷനൽ സമ്പ്രദായം പലയിടത്തും ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഴും ഓവർക്രൗഡിംഗ്ു് അവസാനിച്ചിട്ടുണ്ടെന്നു പറയാൻ ഒക്കുകയില്ല. അതിനു മറ്റു പരിഹാരം നിർദ്ദേശിച്ചിരിക്കുന്നതു് കഴിയുന്നത്ര റെക്കഗ്നൈസ്ഡു് സ്കൂളുകളും അനുവദിച്ചു് ഓവർക്രൗഡിംഗ്ു് അവസാനിപ്പിക്കണമെന്നാണു്. റെക്കഗ്നൈസ്ഡു് സ്കൂളുകളും അനുവദിക്കുന്നതു് നല്ലകാര്യമാണെങ്കിലും അതിൻറെകൂടെ ഒരു ശുപാർശകൂടി ബോർഡു് ചെയ്തിട്ടുണ്ടു്. അങ്ങനെയുള്ള സ്കൂളുകൾക്കു് ഒരു പുതിയ ഗ്രാൻറു് ഇൻ എയിഡു് സ്കീം നടപ്പിലാക്കുന്നതിനു് ആലോചിക്കണമെന്നുപറയുന്നു. റെക്കഗ്നൈസ്ഡു് സ്കൂളുകളും ഗവണ്മെൻറിനു് യാതൊരുതരത്തിലുള്ള സാമ്പത്തികഭാരവും വരരുതെന്നുള്ള വിചാരത്തിലാണു തുടങ്ങിയതു്. ഇപ്പോഴും ഒരു ഗ്രാൻറു് ഇൻ എയിഡു് സമ്പ്രദായത്തെപ്പറ്റി ആലോചിക്കണമെന്നുപറയുന്നതു് പ്രയാസമുള്ളകാര്യമാണു്. റെക്കഗ്നൈസ്ഡു് സ്കൂളുകളും സ്ഥാപിക്കുന്നകാര്യം പൊതുവേ ഗവണ്മെൻറു് സ്വീകരിച്ചിട്ടുണ്ടു്. പിന്നെ ഓവർക്രൗഡിംഗ്ു് ഇല്ലാതാക്കുന്നതിനു് എസ്സു്. എസ്സു്. എൽ. സി. പരീക്ഷയ്ക്കു് സ്വകാര്യമായി പഠിച്ചു ഇരിക്കാൻ 20 വയസ്സിനുമേലുള്ളവർക്കു് അനുവാദം കൊടുക്കണമെന്നാണു് പറയുന്നതു്. അതു ചെയ്യാൻ ഗവണ്മെൻറു് ചൂണ്ടിക്കാണിച്ചിട്ടുള്ള ബുദ്ധിമുട്ടു് ഉണ്ടാകും. സെലക്ഷൻ എക്സാമിനേഷനു ചേരാതെ അങ്ങനെ പരീക്ഷയ്ക്കു ചേരാൻ അനുവദിച്ചാൽ, തോല്ക്കുന്നവർക്കെല്ലാം ഫെയിൽഡു് എന്നുള്ള നിലയിൽ സർട്ടിഫിക്കറു കൊടുക്കേണ്ടിവരും. ഓവർക്രൗഡിംഗ്ു് ഇല്ലാതാക്കുന്നതിനാണെങ്കിൽ സ്കൂളിൽപഠിക്കാൻ സൗകര്യമില്ലാത്തയാളുകൾക്കു്

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യമായി പഠിച്ച് എസ്സ്. എസ്സ്. എൽ. സി. ക്ക് ചേരാൻ കഴിയുന്ന ഒരു പദ്ധതിയെപ്പറ്റി ആലോചിക്കേണ്ടതാണ്. കാമ്പിറെൻറായ ആളുകൾ ഒരു നിശ്ചിതകാലം അവർക്ക് വിദ്യാഭ്യാസം നൽകിയെന്ന ബോദ്ധ്യമായാൽ സെലക്ഷൻ കൂടാതെയോ അല്ലാതെയോ എസ്സ്. എസ്സ്. എൽ. സി. എക്സാമിനേഷനു് ഇരിക്കാൻ അനുവാദം കൊടുത്താൽ കുറച്ചെങ്കിലും ഇന്നത്തെ സ്കൂളുകളിലെ ഓവർക്രൗഡിംഗ് തടയാൻ കഴിയുമെന്നു തോന്നുന്നു. അതിനെപ്പറ്റി കാര്യമായി ഗവണ്മെൻറ് ആലോചിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: ഈ അഡ്വൈസറി ബോർഡിൻെറ റിപ്പോർട്ട് ഇപ്പോഴെങ്കിലും ഈ സഭയ്ക്കു ലഭിച്ചതിൽ മുഖ്യമന്ത്രിയോടു് നന്ദി പ്രകടിപ്പിക്കുന്നു. ഓരോ കൊല്ലത്തിലും വയ്ക്കേണ്ട റിപ്പോർട്ട് മൂന്നുതവണ ആവർത്തിച്ചാവർത്തിച്ചു ചോദിച്ചിട്ടു് ഇപ്പോഴെങ്കിലും വച്ചതിൽ നന്ദി രേഖപ്പെടുത്തുകയാണു്. ഈ ബോർഡ് സംഘടിപ്പിച്ച സമയത്തുതന്നെ അതിൻെറ സംഘടനാരൂപത്തെപ്പറ്റി ഈ സഭയിൽ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ടു്. സോഷ്യലിസമെന്ന മഹത്തായ ആശയം നടപ്പിലാക്കുന്നതിനു് സഹായിക്കുന്ന ഒരു ജനതയെ വാർത്തെടുക്കുന്നതിനു് അല്ലെങ്കിൽ അതിലേക്കു് ഗവണ്മെൻറിനെ ഉപദേശിക്കുന്നതിനു് സംഘടിപ്പിച്ച ഈ ബോർഡിലെ ആളുകൾ ആരെല്ലാമാണെന്ന അറിയാനായി ഞാൻ ലിസ്റ്റു് എടുത്തുനോക്കി. എനിക്കു ബോർഡിലെ ഓരോ മെമ്പറന്മാരോടുമുള്ള വ്യക്തിപരമായ ബഹുമാനത്തിനു ഇളക്കംതട്ടാതെതന്നെയാണു് ഞാൻ സംസാരിക്കുന്നതു്, 1. ശ്രീ. എ.എൻ. തമ്പി, റിട്ടയർഡ് ഡയറക്ടർ ആഫ് പബ്ലിക് ഇൻസ്ട്രക്ഷൻ. (2) മോസ്റ്റു് റെവറൻറു് ബെനഡിക്റ്റു മാർ ഗ്രിഗോറിയസ്, ആർച്ചു് ബിഷപ്പു്. (3) ശ്രീ. അലക്സാണ്ടർ പറമ്പിത്തറ. (4) ശ്രീ. ബി. സി. വർഗീസ്. (5) കുമാരി മേരി വർഗീസ്, (6) ബി.വി. അബ്ദുള്ളാ കോയ. (7) മിസിസ് ഓ. സി. ശ്രീനിവാസൻ. (8) ഡാക്ടർ സി. ഓ. കരുണാകരൻ. (9) ശ്രീ. പി. ആർ. പരമേശ്വരപ്പണിക്കർ, (10) ശ്രീമതി അമ്പാടി കാർത്യായനി അമ്മ, (11) ശ്രീ. വി. സുന്ദരരാജ നായിഡു, റിട്ടയർഡ് ഡയറക്ടർ ആഫ് പബ്ലിക് ഇൻസ്ട്രക്ഷൻ. ഈ ലിസ്റ്റിലുള്ളവർ അധികംപേരും തിരുവിതാംകൂറിൽ രാജവാഴ്ച നിലവിലിരുന്ന കാലത്തോ, ബ്രിട്ടീഷ് ഭരണകാലത്തോ പള്ളിക്കൂടങ്ങളും ചില പ്രത്യേക ലക്ഷ്യങ്ങളോടുകൂടി നടത്തിയിരുന്നപ്പോഴും അതിൻെറ ഭരണവുമായി ബന്ധപ്പെട്ടിട്ടുള്ള കുറെ റിട്ടയർഡ് ഉദ്യോഗസ്ഥന്മാരാണെന്നു കാണാം.

മി. സ്പീക്കർ: ഈ കമ്മിറ്റിയുടെ ടേംസ് ആഫ് റഫറൻസിൽ സോഷ്യലിസം നടപ്പിലാക്കുന്ന കാര്യമൊന്നും പറഞ്ഞിട്ടില്ലെന്നറിയാമോ?

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: സോഷ്യലിസം നടപ്പാക്കുന്നതിനുള്ള ഒരു ജനസമുദായത്തെ സൃഷ്ടിക്കുക എന്നുള്ളതാണു് നമ്മുടെ ലക്ഷ്യം.

ശ്രീമതി കെ. ആർ. ഗൗരി: നിയമസഭാചട്ടത്തിൽ സ്പീക്കറും മെമ്പറന്മാരുമായി ചോദ്യങ്ങളും ചോദിക്കുന്നതിനു പറഞ്ഞിട്ടില്ല എന്നു തോന്നുന്നു.

Mr. Speaker: It is only for clarification.

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: എന്തായാലും ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസലക്ഷ്യവുമായി, അതിൻെറ പരിപാടികളുമായി അടുത്ത ബന്ധമില്ലാത്ത ഒരു വിഭാഗം ആളുകളാണു് ഈ കമ്മിറ്റിയിൽ ഉള്ളതു്. അന്നു വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ ദാരിദ്ര്യംകൊണ്ടാണു് അങ്ങനെ സംഘടിപ്പിക്കേണ്ടിവന്നതു്. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. ശ്രീമാൻ ബി. സി. വർഗീസിനു വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി എന്തു ബന്ധമാണുള്ളതെന്നു എനിക്കറിവില്ല. അതുപോലെ മറെറാരു മെമ്പറായ അബ്ദുള്ളാ കോയയ്ക്കു വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി എന്തു ബന്ധമാണുള്ളതെന്നു എനിക്കു അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. എൻ. ഗോപാലക്കുറുപ്പ്)

പണ്ട് ഇവരൊക്കെ ഉയർന്ന ഉദ്യോഗങ്ങളിൽ ഇരുന്ന റിട്ടയർചെയ്തിട്ടുള്ളവരാണ്. ഇതിലെ അംഗങ്ങളെ ആകെക്കൂടി ഒന്നു നോക്കിയാൽ ഈ പതിനെട്ടാം നൂറാണ്ടിലുണ്ടായിരുന്നതുപോലെയുള്ള സമത്ഥന്മാർ അടങ്ങിയ ഒരുകമ്മിറ്റി ആണെന്നാണെന്റെ അഭിപ്രായം.

എന്നാൽ അവരും സൂചിപ്പിച്ചിട്ടുള്ളതു നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസനിലവാരം താഴ്ന്നുപോയി എന്നാണ്. അതു എല്ലാവരും സമ്മതിക്കും. എന്നാൽ ആ പ്രശ്നം ഒന്നു സമഗ്രമായി പഠിക്കാനും അതിനുള്ള കാരണങ്ങളും എന്തെല്ലാമാണെന്നു പരിശോധിച്ചു അതിനാവശ്യമായ നിർദ്ദേശങ്ങളും ഗവണ്മെന്റിനു കൊടുക്കാൻ കഴിഞ്ഞിരുന്നു എങ്കിൽ അതുകൊണ്ടുമാത്രം ഈ ബോർഡിന്റെ പ്രവർത്തനത്തിൽ ഞാൻ സംതൃപ്തനാകുമായിരുന്നു. എന്നാൽ ആ ഭാഗം വിട്ടിട്ട് ടീച്ചേഴ്സ് ട്രെയിനിംഗ് നന്നാക്കണം, കുട്ടികളുടെ എണ്ണം കുറയ്ക്കണം എന്നു പറഞ്ഞിട്ടു കടന്നിരിക്കുകയാണ്. ഇതിനു യഥാർത്ഥത്തിൽ ഒരു അഡൈ്വസറിക്കമ്മിറ്റി ഒന്നും ആവശ്യമില്ല. അതിനുള്ള കാരണം എന്താണെന്നുള്ളതു നമ്മുടെ മുഖ്യമന്ത്രി ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ട്. അതിനുള്ള ശരിയായ കാരണം ടീച്ചേഴ്സിന്റെ കൊള്ളരുതായ്മകൊണ്ടാണെന്നു അദ്ദേഹം പല സ്ഥലത്തുവച്ചും ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. കൊള്ളാവുന്ന ടീച്ചേഴ്സിന്റെയും കുട്ടികളുടേയും എണ്ണം കുറയ്ക്കുക എന്നു പറയുന്നതിനും ബോർഡിന്റെ ആവശ്യമുണ്ടോ. അതുകൊണ്ടു ഈ കമ്മിറ്റിയുടെ പ്രവർത്തനം എനിക്കു തന്നിട്ടുള്ള സമയംപോലെതന്നെ വളരെ അപര്യാപ്തമാണെന്നുള്ള അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടും ഈ വിഷയം ഇങ്ങനെ അഞ്ചുമിനിട്ടും നാലുമിനിട്ടും മൂന്നുമിനിട്ടുംകൊണ്ടു പറഞ്ഞുതീർക്കാനുള്ള വിഷയമല്ലെന്നും അതിൽ എന്റെ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടും ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇതേപ്പറ്റി ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായം എന്താണെന്നു അറിഞ്ഞാൽ കൊള്ളാമെന്നാഗ്രഹമുണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ: റൂം 268 അനുസരിച്ച് സ്പീക്കറോട് ഏതെങ്കിലും അഭിപ്രായം ആവശ്യപ്പെട്ടാൽ ഏതു കാര്യത്തെ സംബന്ധിച്ചായാലും ആ ഡിസ്കഷനിൽ പങ്കെടുക്കാം എന്നു പറയുന്നുണ്ട്. അതുകൊണ്ടു ബഹുമാനപ്പെട്ട സ്പീക്കർക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

Mr. Speaker: The Government will reply.

ശ്രീ. ആർ. ശങ്കർ: മി. സ്പീക്കർ, സർ (ഈ വിഷയത്തെപ്പറ്റി) വളരെ ചുരുങ്ങിയ സമയംകൊണ്ടു വളരെ ഫലപ്രദമായ രീതിയിൽ വാദപ്രതിവാദം നടത്താൻ സാധിക്കുമെന്നുള്ളതു ആർക്കും അഭിപ്രായമില്ല. ചില ബഹുമാനപ്പെട്ട അംഗങ്ങളും ഈ ബോർഡിന്റെ റിപ്പോർട്ടിനെപ്പറ്റി ചില സംഗതികളും ഇവിടെ പറയുകയുണ്ടായി. ബോർഡിന്റെ റിപ്പോർട്ടിൽ സ്വീകരിക്കാൻ പ്രയാസമുള്ള കാര്യങ്ങളും എന്തൊക്കെയാണെന്നു ഇവിടെ പരാമർശിക്കയുണ്ടായി. അതേപ്പറ്റി എന്തെങ്കിലും കൂടുതൽ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതു ബഹുമാനപ്പെട്ട മെമ്പറന്മാരുടെ മുമ്പിൽതന്നെയുണ്ട്.

ശ്രീ. കെ. കൃഷ്ണപിള്ള ഈ സിലബസിനെപ്പറ്റി അഭിപ്രായം പറയുവാൻ ഈ കമ്മിറ്റി പോകേണ്ടതില്ലായിരുന്നു എന്നു പറഞ്ഞു. ഈ കമ്മറ്റിയുടെ ഘടനതന്നെ അതിനു യോജിച്ചതല്ല എന്നു പറയുകയുണ്ടായി. യഥാർത്ഥത്തിൽ ഈ ബോർഡ് ചെയ്തിരിക്കുന്നതു സിലബസിനെപ്പറ്റി ദീർഘമായ പഠനം നടത്തി ഏതെങ്കിലും ഒരു റിപ്പോർട്ടു സമർപ്പിക്കുകയല്ല. സിലബസിനെപ്പറ്റി ഉത്തരവാദിത്വം വഹിക്കേണ്ടവരാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളതു. അതു ചെയ്യുന്നതുകൊണ്ടു അതിന്റെ പ്രയോജനത്തെപ്പറ്റിയും സംശയമുണ്ടാകുമെന്നു വിചാരിക്കുന്നില്ല.

ഇന്നു ഈ സംസ്ഥാനത്തു സ്കൂളുകളിലും കോളേജുകളിലും സ്റ്റാൻഡേർഡ് വളരെ താണുപോയിരിക്കുന്നു. ഈ സ്റ്റാൻഡേർഡ് വർദ്ധിപ്പിക്കേണ്ടിവന്നിരിക്കുന്നു. ആ കാര്യത്തിൽ ഗവണ്മെന്റിനോടു ചിലതൊക്കെ വിയോജിച്ചു, സ്റ്റാൻഡേർ

LIBRARY ARCHIVES Kerala Legislative Assembly

ഡിനെപ്പറ്റി, അതു താഴ്ന്നിട്ടില്ല എന്നുള്ളതാണെങ്കിൽ പിന്നെ വർദ്ധിപ്പിക്കേണ്ട ആവശ്യമേയില്ല. ഇതു വിശേഷിച്ചും സർദാർ കെ. എം. പണിക്കർ അടുത്തകാലത്തു ഇവിടം സന്ദർശിച്ചപ്പോഴും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി, ഇവിടത്തെ സ്റ്റാന്റേർഡ്സ് വളരെ ഉയർന്നതാണ് എന്നെല്ലാം. ഒരു വിധത്തിൽ അതു ശരിയാണ്. ചില സംഗതികളിലൊക്കെ സ്റ്റാൻഡേഡ്സ് പണ്ടൊക്കെ ഉണ്ടായിരുന്നതിനേക്കാൾ മോശമായിട്ടുണ്ടെങ്കിലും ചില കാര്യങ്ങളിൽ സ്റ്റാൻഡേർഡ്സ് ഉയർന്നതാണ്. ഈ സ്റ്റാൻഡേർഡ്സ് നന്നാക്കുന്നതിനു വേണ്ടി അദ്ധ്യാപകന്മാരുടെ സ്റ്റാൻഡേർഡ്സ് നന്നാക്കണം. അതു സാധാരണയായിട്ടുള്ള ഒരു നിഗമനമാണ്. അദ്ധ്യാപകന്മാർ ഒന്നാംക്ലാസ്സിലും രണ്ടാം ക്ലാസ്സിലും ജയിച്ചവരായിരിക്കുന്നതു നന്നായിരിക്കും. ഇപ്പോൾ ഇവിടെ പറഞ്ഞുകേട്ടതിൽനിന്നും അദ്ധ്യാപകന്മാരുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം ആദ്യത്തെ വർഷം പാസാകുക എങ്കിലും ചെയ്ത മൂന്നുപേരെ ഉണ്ടായിരുന്നുള്ള എന്നാണ്. അതിന്റെ കാരണം പലതാണ്. അക്കൂട്ടത്തിൽ ഈ അദ്ധ്യാപകരെ നിയമിക്കുന്നതിൽ ചിലർ കാണിക്കുന്ന വളരെ നേരെയുള്ള മാഗ്രത്തിൽ കൂടിയല്ലാതെ നിയമനം നടത്തുന്നതിനുള്ള വ്യഗ്രതയും യഥാർത്ഥത്തിൽ ഇതിനു കാരണമാകുന്നുണ്ട്. ഇതൊഴിവാക്കാൻ എന്താണ് കരണീയമായിട്ടുള്ളതു് എന്നു ആലോചിച്ചുനോക്കി. കമ്മറിക്കാരുടെ അഭിപ്രായത്തിൽ എല്ലാം സർക്കാർ പള്ളിക്കൂടങ്ങളായി മാറിയാൽ എല്ലാ സ്കൂളുകളും സർക്കാർ ഏറ്റെടുത്തു നടത്തിയാൽ ഒരു യൂണിഫാം ആയിട്ടു നടത്തുകയാണെങ്കിൽ എല്ലാ കാര്യങ്ങളും ശരിയായി നടത്തുവാൻ സാധിക്കുമായിരുന്നു എന്നുള്ളതാണ്. പക്ഷെ, ഈ സ്റ്റാൻഡേർഡു വർദ്ധിപ്പിക്കുന്ന കാര്യത്തിലും വളരെ അധികം ഫലം കിട്ടുമായിരുന്നു എന്നുള്ളതാണ്. എന്നാൽ ഏറുകൊല്ലത്തിനു മേലായി സ്വകാര്യമേഖലയിലും ഗവണ്മെൻറിന്റെ ആഭിമുഖ്യത്തിലും പള്ളിക്കൂടങ്ങളും നടത്തിവരികയാണ്. അപ്പോൾ ഈ സ്കൂളുകളെല്ലാം സർക്കാരേറ്റെടുത്തു നടത്തുക എന്നു പറഞ്ഞാൽ എത്ര വിഷമമാണ്. സ്കൂളുകളും നടത്തുവാനുള്ള പണമുണ്ടാക്കുവാനും മറ്റും. ആ സാഹചര്യത്തിൽ ഈ സ്വകാര്യസ്കൂളുകളും നടത്തിവരുന്നതു നിറുത്താൻ സാദ്ധ്യമല്ലാ എന്നുള്ളതാണ്. അതിൽ ആക്ഷേപമുണ്ടെന്നു തോന്നുന്നില്ല. അദ്ധ്യാപകന്മാരുടെ നിലവാരം നന്നാക്കിയാൽ കുട്ടികളുടെ നിലവാരവും നന്നാകും. അതിലേക്കു അദ്ധ്യാപകരിൽ കൂടുതൽ യോഗ്യതയുള്ളവർക്കു വല്ല പ്രത്യേക പ്രോത്സാഹനവും കൊടുക്കാൻ കഴിയുമോ എന്നുള്ളതാണ്. അങ്ങനെ എന്തെങ്കിലും ചെയ്തു സാധാരണ ഗതിയിൽ പഠിക്കുന്ന കാലത്തു സാമർത്ഥ്യം പ്രകടിപ്പിക്കുന്ന ആളുകളെ അദ്ധ്യാപകരായിത്തീർത്താൽ അവർ സമർത്ഥന്മാരായ അദ്ധ്യാപകന്മാരാകുന്ന പതിവുണ്ട് എന്നുള്ളതു വച്ചുകൊണ്ടു വല്ലതും ഒരു പരിഷ്കാരം വരുത്താമോ എന്നു ഗവണ്മെൻറാലോചിച്ചു.

ഈ സ്കൂളിലേ കോഴ്സിനെക്കാൾ പ്രധാനമായി നോക്കേണ്ടതു സ്കൂളിൻ മുമ്പുള്ള കോഴ്സിനെപ്പറ്റിയാണെന്നു ഇവിടെ പറയുകയുണ്ടായി. ഒരുപക്ഷേ അതു ശരിയാണ്. രണ്ടര മുതൽ അഞ്ചുവരെ വയസുവരെയുള്ള കുട്ടികൾക്കു പ്രീപ്രൈമറിസ്കൂളുകളോ നഴ്സറി സ്കൂളുകളോ അവരുടെ വിദ്യാഭ്യാസത്തിനായി ഉണ്ടായിരുന്നാൽ കൊള്ളാം. നമ്മുടെ രാജ്യത്തു നിർഭാഗ്യവശാൽ വേണ്ടത്ര അത്തരം സ്കൂളുകളില്ല. ഏതാണ്ടു 200 സ്കൂളുകളും മാത്രമേയുള്ളൂ. അതല്ലാതെ നാട്ടിൻപുറത്തു ചിലയിടത്തും ചിലർ ചില സ്കൂളുകളും നടത്തുന്നുണ്ട്. അതുകൊണ്ടു ചിലർക്കു പ്രയോജനമുണ്ടാകുന്നുമുണ്ട്. ഒരുകാര്യം ഓർക്കുന്നതു നമുക്കും നന്നായിരിക്കും. നഴ്സറി സ്കൂളുകളിൽ ചിലയിടത്തു ഫീസ് ഈടാക്കുന്നുണ്ട്. മൂന്നും നാലും അഞ്ചും ഏഴും രൂപ ഫീസു ഈടാക്കിവരുന്നുണ്ട്. ചിലയിടത്തു പട്ടണങ്ങളിൽ 7 രൂപ ഫീസ് ഈടാക്കുന്നുണ്ട്. അങ്ങനെ ഫീസ് ഈടാക്കിയെങ്കിൽമാത്രമേ അതു നടത്താൻ കഴിയുന്നുള്ളൂ. അത്തരം സ്കൂളുകളും ഗവണ്മെൻറുവകയായി ഉണ്ടാക്കുകയോ, അതല്ലെങ്കിൽ ഇന്നുള്ളതിനു ഗ്രാൻറു കൊടുക്കുകയോ ചെയ്താൽ അതിനു പ്രോത്സാഹനമുണ്ടാകും. ഈ രണ്ടര വയസു മുതൽ 5 വയസുവരെ പ്രായമുള്ള കുട്ടികളും പന്ത്രണ്ടു ലക്ഷത്തിനും പതി

LIBRARY ARCHIVES Kerala Legislative Assembly

നഞ്ച് ലക്ഷത്തിനും ഇടയ്ക്കുവരും. അവർക്ക് പള്ളിക്കൂടങ്ങളും ഉണ്ടാക്കുക എന്നു പറഞ്ഞാൽ എണ്ണൂറു പ്രൈമറി സ്കൂളുകൾ വരുമെന്നാലോചിക്കാവുന്നതാണ്. ഇപ്പോഴത്തെ സാഹചര്യത്തിനു ആ കാര്യത്തെപ്പറ്റി ചിന്തിക്കുന്നതിനുപോലും നിവൃത്തിയില്ലാതാണിരിക്കുന്നത്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : പുതിയ സ്കൂളുകൾ ഉണ്ടാക്കുന്നതിനുവേണ്ടി പണം ചെലവാക്കാതെതന്നെ അതുമായി അനുബന്ധിച്ചുകൊണ്ടു ഈ സ്കൂളുകൾ നടത്തുന്നതിനു വിഷമമുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴുള്ള സ്കൂളുകളിൽതന്നെ അങ്ങനെ നടത്താൻ സാദ്ധ്യമല്ല. അതിനും വേറെ സൗകര്യങ്ങളെല്ലാം ഉണ്ടാക്കിയേ ഒക്കുകയുള്ളൂ. അതിനു ഉപകരണങ്ങൾ വേണം. കുട്ടികൾക്കു കളിക്കാനുള്ള സൗകര്യങ്ങൾ വേണം, ഫർണിച്ചറും മറ്റു സൗകര്യങ്ങളുമെല്ലാം വേണം. ഇതു യഥാർത്ഥത്തിൽ വളരെ പണച്ചെലവുള്ള കാര്യമാണ്. പക്ഷെ, ആളുകളുടെ ഇടയ്ക്കു അതിൽ വലിയ താൽപര്യം കാണുന്നു. ആ താൽപര്യം മറ്റു സ്കൂളുകളിൽ ഉണ്ടാക്കിയാൽ അതിനു ഫീസു കൊടുക്കാൻ ആളുകൾ തയാറാകുകയാണ്. അങ്ങനെ ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കാത്തിടത്തോളം കാലം ഗവണ്മെൻറിനു വളരെ പ്രയാസമുള്ള കാര്യമാണ്. നിയമത്തിൽ വലിയ പരിഷ്കാരങ്ങൾ വരുത്തുക എന്നുള്ളതു അത്ര എളുപ്പമുള്ള കാര്യമായിരിക്കുകയില്ല.

കോ എഡ്യൂക്കേഷനെ സംബന്ധിച്ച ഈ ബോഡ് ഒരു തീരുമാനം എടുക്കുകയുണ്ടായി എന്നു ഇവിടെ പ്രസ്താവിക്കയുണ്ടായി. അതു വളരെ പ്രതിലോമപരമായ ഒരു നടപടിയായിപ്പോയി എന്നു പറയുകയുണ്ടായി. യഥാർത്ഥത്തിൽ അതിനെപ്പറ്റി നമുക്കു ചില തെറ്റായ അഭിപ്രായങ്ങളുണ്ടുള്ളതു്. പാശ്ചാത്യ സമ്പ്രദായങ്ങൾ നോക്കിയാണു അതേപ്പറ്റി ഒരു റിപ്പോർട്ട് ശുപാർശ ചെയ്തിട്ടുള്ളതു്. അവിടെയൊക്കെ സ്കൂളുകളിലും കോളേജുകളിലും കോ എഡ്യൂക്കേഷൻ നടപ്പാക്കിയിരിക്കുകയാണു്. പാശ്ചാത്യരാജ്യങ്ങളിലെ സമൂഹം ഒരേ രീതിയിലാണു വളരുന്നതു്. അതുപോലെയല്ല ഇവിടെ സമൂഹം വളർന്നുവരുന്നതു്. ഇവിടത്തെ സമൂഹം അവിടത്തെക്കാൾ വിഭിന്നമായ രീതിയിൽ വളർന്നുവരുന്ന സമൂഹമാണു്. ഇവിടെ ആണിനേയും പെണ്ണിനേയും വേർതിരിക്കുന്ന സ്വഭാവമാണുള്ളതു്, അവിടെ അങ്ങനെയല്ല. വല്ലപ്പോഴും അവർക്ക് ഒന്നിച്ചുചേരാൻ സൗകര്യം കിട്ടിയാൽ അതു അത്ര പന്തിയാകുകയില്ല. കഴിവുള്ളവരെ അവരെ രണ്ടായിട്ടു പഠിപ്പിക്കുകയും ചെയ്യുവരുന്നു. അതിന്റെ ഫലമായി ഈ സെഷണൽ സമ്പ്രദായം വരുമ്പോൾ ആൺകുട്ടികളെ ഒരു സെഷനിലും, പെൺകുട്ടികളെ മറ്റേ സെഷനിലും മാത്രം പഠിപ്പിക്കുക എന്നൊരു നിർദ്ദേശമുണ്ടായി. കോളേജുകളിൽ അതു നിർബന്ധമായി വച്ചിട്ടില്ല. മിക്ക കോളേജുകളും മിക്സഡ് കോളേജുകളാണു്. അവർക്കു പ്രായക്കൂടുതലും കൂടുതൽ ഉത്തരവാദിത്വവുമുള്ളവരായതുകൊണ്ടാണു്. ഈ സമ്പ്രദായം ഹൈസ്കൂളുകളിൽ വേണമോ വേണ്ടയോ എന്നു ഒന്നുകൂടി ആലോചിക്കുകയാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഈ പത്താം സ്റ്റാൻഡേർഡിൽ ഒന്നും രണ്ടും പെൺകുട്ടികളുമാത്രം പഠിക്കുന്ന ക്ലാസുകളും ഉള്ള സ്കൂളുകളും ഉണ്ടെന്നറിയാമോ. ക്ലാസുകളിൽ വേണ്ടത്ര പെൺകുട്ടികളില്ലാത്ത സ്കൂളുകളും ഈ സംസ്ഥാനത്തു നിരവധിയുണ്ടു്.

ശ്രീ. ആർ. ശങ്കർ : ഒന്നും രണ്ടും പെൺകുട്ടികളുമാത്രമായിട്ടുള്ള സ്കൂളുകൾ കാണുമെന്നു തോന്നുന്നില്ല. ജനസംഖ്യ നോക്കിയാൽ പെൺകുട്ടികളാണു കൂടുതൽ. ഹൈസ്കൂളിലാണെങ്കിൽ, 100 കുട്ടികൾക്കു 35 പെൺകുട്ടികൾ കാണും; മിഡിൽ സ്കൂളുകളിലാണെങ്കിൽ 100 കുട്ടികൾക്കു 45 പെൺകുട്ടികൾ കാണും; പ്രൈമറി വിഭാഗത്തിൽ ഏകദേശം തുല്യമായിരിക്കും.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ രംഗത്തുള്ള സ്കൂളുകൾ മനസ്സിൽ വച്ചുകൊണ്ടാണു് ഇതു പറയുന്നതു്. രണ്ടും മൂന്നും പെൺകുട്ടികൾ മാത്രമുള്ള എത്രയോ സ്കൂളുകൾ ഉള്ളതു നേരിട്ടറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : മലബാർ ഏരിയായിൽ, പെൺകുട്ടികളെ, 12 വയസ്സു കഴിഞ്ഞാൽ, മിക്കവാറും സ്കൂളുകളിൽ അയയ്ക്കാൻ ഇപ്പോഴും വലിയ വിഷമം കാണിക്കുന്നുണ്ട്. അതു ശരിയോ തെറ്റോ എന്ന കാര്യം വേറെ അതാണു വസ്തുത. അങ്ങനെയൊരു മനോഭാവം ഇന്നും ജനങ്ങൾക്കുണ്ട്. ഈ കാര്യങ്ങളെല്ലാം ആലോചിച്ചിട്ടുവേണം എന്തെങ്കിലും നടപടി ഈ കാര്യത്തിൽ സ്വീകരിക്കാൻ.

താഴ്ന്ന ക്ലാസുകളിൽ ഭാഷാധ്യയനം നടത്തുന്നതുകൊണ്ടു വലിയ പ്രയോജനമില്ലെന്നു പറഞ്ഞു. 5—ാം ക്ലാസുമുതൽ ഹിന്ദിയോ, മൂന്നാം ക്ലാസുമുതൽ ഇംഗ്ലീഷോ പഠിപ്പിക്കുന്നതുകൊണ്ടു സ്റ്റാൻഡേർഡ് ഉയർത്താൻ സാധിക്കുകയില്ലെന്നുപറഞ്ഞു. നല്ല അദ്ധ്യാപകരെ ഈ ആവശ്യത്തിനു കിട്ടുന്നില്ലെന്നുള്ളതു കൊണ്ടു ശരിയാണ്. ആ കുറവു നികത്തണമെന്നു വിചാരമുണ്ട്. ഒരു കൊല്ലംകൂടി കൂട്ടുതൽ കൊടുക്കുകയും, കൊള്ളാവുന്ന അദ്ധ്യാപകരെ നിയമിക്കുകയും ചെയ്താൽ പ്രയോജനം ഉണ്ടാകും. നമ്മുടെ കുട്ടികൾ പഠിച്ചുകഴിഞ്ഞാൽ ഭാഷ ഏതുതന്നെയായാലും അതു ശരിയായി പ്രയോഗിക്കാൻ കഴിയുന്നില്ലെങ്കിൽ അതുകൊണ്ടു പ്രയോജനമില്ല. സംസ്ഥാനത്തിനു വെളിയിൽ മത്സരപ്പരീക്ഷയ്ക്കു പോകുമ്പോൾ അവർക്ക് ഉപയോഗിക്കാവുന്ന ഭാഷ ഹിന്ദി, അല്ലെങ്കിൽ ഇംഗ്ലീഷാണ്. ഇവിടെനിന്നു സ്കൂൾഫൈനൽ പരീക്ഷ പാസ്സായി പുറത്തുപോകുന്ന കുട്ടികൾക്ക് ഇംഗ്ലീഷു ഭാഷയിൽ യാതൊന്നും എക്സ്പ്രസ്സുചെയ്യാൻ കഴിയുന്നില്ല. ഹിന്ദിയും ഇവിടെ പഠിക്കുന്നതുകൊണ്ടു വളരെയൊന്നും പ്രയോജനപ്പെടുന്നില്ല. വടക്കേ ഇൻഡ്യയിലെ നാട്ടുകാർ പറയുന്നതുപോലെ ഹിന്ദി, ഇവിടെ പഠിച്ച കുട്ടികൾക്കു പറയാൻ സാധിക്കുന്നില്ല. കുറെക്കാലം അവിടെ പോയി ഹിന്ദി പഠിച്ചാൽ മാത്രമേ അതുപോലെ ഹിന്ദി സംസാരിക്കാൻ കഴിവുണ്ടാകുന്നുള്ളൂ. ആ സ്ഥിതിക്ക് ഈ ഭാഷകൂടി കുറേക്കൂടി നല്ല വിധത്തിൽ പഠിപ്പിച്ചു മതിയാകൂ. ഹിന്ദി പഠിപ്പിക്കാൻ യോഗ്യതയുള്ള അദ്ധ്യാപകർ കുറവാണ് എന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതുപോലെ സ്കൂൾഫൈനൽ പരീക്ഷ പാസ്സായി, ടെയിനിംഗ്കൂടി കഴിഞ്ഞു വരുന്നവരെ ഇംഗ്ലീഷു പഠിപ്പിക്കാൻ നിയോഗിച്ചാൽ ശരിയാകുകയില്ലെന്നു പറയുന്നതും സത്യമാണ്. ഈ വിഷമം പരിഹരിക്കുന്നതിനു ഏതാനും ഗ്രാഡുവേറ്റു അദ്ധ്യാപകരെ, യു. പി. സ്കൂളുകളിൽ നിയമിക്കാൻ ഒരു പുതിയ പദ്ധതി ഗവണ്മെന്റു് അംഗീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ മറ്റു വിധത്തിൽ സ്റ്റാൻഡേർഡ് വർദ്ധിപ്പിക്കാനും നോക്കുന്നുണ്ട്.

ഹയർ സെക്കൻഡറി സ്കൂളുകളെപ്പറ്റി പറഞ്ഞു. ഇവിടെ കുറേ സ്കൂളുകൾ ഹയർ സെക്കൻഡറി സ്കൂളുകളാക്കാൻ ശ്രമിച്ചു; പക്ഷേ അങ്ങനെ ചെയ്തില്ല. ചെയ്യാതിരുന്നതു നന്നായി എന്നു തോന്നുന്നു. വടക്കേ ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും നിലവിലുള്ള സ്കൂളുകൾ, ഹയർ സെക്കൻഡറി സ്കൂളുകൾ ചേർന്ന ഒരു പദ്ധതി സ്വീകരിച്ചതിന്റെ ഫലമായി വളരെയേറെ കുഴപ്പങ്ങൾ ഉണ്ടായെന്നും, ഒരു പരീക്ഷണമെന്ന നിലയിൽ ഇവിടെ അതു തുടങ്ങാതിരുന്നതു നന്നായെന്നുമാണ് കഴിഞ്ഞ വിദ്യാഭ്യാസ കാൺഫറൻസിൽവച്ച് എനിക്കു ബോദ്ധ്യപ്പെട്ടതു്. ഇവിടെ ആയിരം ഹൈസ്കൂളുകളിൽ, 30 സ്കൂളുകൾ ഹയർ സെക്കൻഡറിസ്കൂളുകളാക്കി പുതിയ കുഴപ്പം സൃഷ്ടിക്കാതിരുന്നതു നന്നായി എന്നു ഇപ്പോൾ തോന്നുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ, അഡ്വൈസറി ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തി ഗവണ്മെന്റു പരിഗണിക്കുമ്പോൾ മനസ്സിൽ വയ്ക്കുകയും, അതിനു ന്യായമായ പരിഗണന നൽകുകയും ചെയ്യുമെന്നു പ്രസ്താവിച്ചുകൊണ്ട് എന്റെ മറുപടി പ്രസംഗം അവസാനിപ്പിക്കുന്നു.

Mr. Speaker : Order, order. The House will now adjourn and meet again at 8 a. m. tomorraw, the 26th February, 1964.

The House adjourned at 1·05 p. m. to meet again at 8 a. m. on Wednesday, the 26th February, 1964.

2/1442/V

LIBRARY ARCHIVES Kerala Legislative Assembly